അടിയന്തരപ്രമേയം

<u>പകർച്ചവ്യാധി</u>

<u>മി. സ്പീക്കർ</u> : പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ യഥാസമയം കാര്യക്ഷമമായി നടപ്പിലാക്കാത്തതുകൊണ്ട് സംസ്ഥാനത്ത് പലസ്ഥലങ്ങളിലും ഡെങ്കിപ്പനി, H1 N1, ഹെപ്പറ്റൈറ്റിസ്, ചിക്കൻ പോക്സ് പോലുള്ള പകർച്ച വ്യാധികൾ പടരുന്നതുമൂലവും അത് നിയന്ത്രണ വിധേയമാക്കാൻ നടപടികൾ ഫലപ്രദമായി സ്വീകരിക്കാത്തതുമൂലവും ആരോഗ്യമേഖലയിൽ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. എസ്. ശിവകുമാർ, എം. ഉമ്മർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>): സർ, കേരളത്തിൽ കുറേവർഷക്കാലമായി മഴക്കാലം വരുമ്പോൾ പകർച്ചവ്യാധികൾ പടർന്ന് പിടിക്കുന്ന എന്നുള്ളത് നമുക്കെല്ലാവർക്കും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന കാര്യമാണ്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18 വർഷം വളരെ കാര്യമാത്ര പ്രസക്തമായ

ഇടപെടലുകളാണ് ഈ മേഖലകളിലാകെ നടത്തിയിട്ടുള്ളത്. പകർച്ചവ്യാധി തടയുന്നതിന്, പകർച്ചവ്യാധി പരത്തുന്നതിനാവശ്യമായിട്ടുള്ള കീടങ്ങളെ നശിപ്പിക്കുക എന്നുള്ളതാണ് ഏറ്റവും പ്രധാനമായും നമ്മൾ ചെയ്യേണ്ട കാര്യം. അതിനാവശ്യമായ രോഗപ്രതിരോധ പ്രവർത്തനങ്ങളും കൊതുക് നശീകരണവും ശുചീകരണ പ്രവർത്തനങ്ങളുമെല്ലാം നടത്തുന്നതിന് വളരെ പ്രധാനപ്പെട്ട നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഇത്തവണ ജനുവരി മാസത്തിൽ തന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ രോഗപ്രതിരോധവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ട വകുപ്പുമന്ത്രിമാരേയും ഉദ്യോഗസ്ഥന്മാരെയും എല്ലാം വിളിച്ചുചേർത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ നടപടി എടുക്കുകയുണ്ടായി. കഴിഞ്ഞ വർഷവും ഇതുപോലെ നേരത്തെ തന്നെ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പകർച്ചവ്യാധി മരണങ്ങളിൽ കുറവ് വരുത്താൻ സാധിച്ചിരുന്നു. എന്നാൽ ഇത്തവണ അതിഗുരുതരമായ കാലാവസ്ഥ പ്രശ്നങ്ങൾ കാരണം, സാധാരണയിൽ നിന്ന് ഭിന്നമായി ഡെങ്കിപ്പനി പോലുള്ള പകർച്ചവ്യാധികൾ കൂടുതലാകാൻ സാധ്യതയുണ്ട് എന്നാണ് ആരോഗ്യവകുപ്പിന്റെ നിരീക്ഷണത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. കടുത്ത വരൾച്ചയും കൊടുംചൂടും എല്ലാം ഉണ്ടാകുന്നതിന്റെ ഭാഗമായി ഡെങ്കിപ്പനി

പരത്തുന്ന Aedes aegypti പോലുള്ള കൊതുകുകൾ വളരാനുള്ള സാധ്യത കൂടുതലാണ്. ജലജന്യ രോഗങ്ങൾ പടരാൻ സാധ്യത കൂടുതലാണെന്ന് നേരത്തെ തന്നെ മനസ്സിലാക്കുകയും വളരെ മുമ്പ് തന്നെ അതിനുള്ള ഇടപെടലുകൾ ആരംഭിക്കുകയും ചെയ്തതിന്റെ ഭാഗമായി മാർച്ച് മാസത്തിൽ വീണ്ടും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ പകർച്ചവ്യാധി പ്രതിരോധ യോഗങ്ങൾ ചേരുകയുണ്ടായി. 06-03-2017-ൽ ചേർന്ന വിവിധ വകുപ്പുമന്ത്രിമാരടക്കമുള്ളവരുടെ യോഗത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങളെക്കുറിച്ച് വ്യക്തമായിട്ടുള്ള തീരുമാനങ്ങളെടുക്കുകയും ചെയ്തു. ആരോഗ്യവകുപ്പ് ഏറ്റെടുക്കേണ്ട ഉത്തരവാദിത്വങ്ങൾ കൃത്യമായി ഏറ്റെടുക്കാൻ ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഏപ്രിൽ മാസത്തിൽ എന്റെ അദ്ധ്യക്ഷതയിൽ, ചേമ്പറിൽ യോഗം ചേരുകയും ഉദ്യോഗസ്ഥരെല്ലാം പങ്കെടുത്തുകൊണ്ട് പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം സംസ്ഥാന തലത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലും ആരോഗ്യ വകുപ്പ് ഡയറക്ടറും അഡീഷണൽ ഡയറക്ടറും എല്ലാം പങ്കെടുത്തുകൊണ്ട് നിരവധി മീറ്റിംഗുകൾ നടത്തുക മാത്രമല്ല, എല്ലാ ജില്ലകളിലും പ്രതിരോധ പ്രവർത്തനങ്ങൾ നടത്താനുള്ള നിരന്തരമായ ഇടപെടലുകൾ

നടത്തിയിട്ടുമുണ്ട്. ശുചീകരണം മാത്രമല്ല ഫോഗിങ്ങ് നടത്താനാവശ്യമായ മെഷീനുകൾ ധാരാളമായി വിതരണം ചെയ്യുകയും അതിന്റെ കുറവ് വരരുതെന്ന സൂചന നൽകുകയും ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനി വരാൻ സാദ്ധ്യതയുള്ള കേന്ദ്രങ്ങൾ പ്രത്യേകം തെരഞ്ഞെടുത്ത് ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ അവിടെയെല്ലാം സന്ദർശിച്ച് പ്രത്യേക മീറ്റിംഗുകളും നടപടികളുമെല്ലാം സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരത്താണ് ഡെങ്കിപ്പനി വളരെയധികം പകരുന്നതായി കാണുന്നത്. ചില ജില്ലകളിലെ പ്രത്യേക കേന്ദ്രങ്ങളിൽ ഇത്തവണ ഈ രോഗം വരാനുള്ള സാദ്ധ്യതകൾ കണ്ടിരുന്നു. എറണാകുളത്ത് പായിപ്ര എന്ന സ്ഥലത്ത് ഡെങ്കിപ്പനി കുറച്ച് കൂടുതലായി റിപ്പോർട്ട് ചെയ്തു. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ, പാലക്കാട് ജില്ലയിലെ മേലാർകോട്, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ, കോഴിക്കോട് ജില്ലയിലെ കക്കൂർ, രാമനാട്ടുകര എന്നിവിടങ്ങളിൽ സാധാരണയിൽക്കവിഞ്ഞ ഔട്ട് ബ്രേക്ക് പ്രത്യക്ഷപ്പെടുകയുണ്ടായി. അവിടെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കൂടി സഹായത്തോടെ ആരോഗ്യവകുപ്പ് അടിയന്തരമായി ഇടപെട്ട് രോഗനിയന്ത്രണത്തിനുള്ള ശക്തമായ നടപടി സ്വീകരിച്ചു. ഈ പ്രദേശങ്ങളിലെല്ലാം ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിലുള്ള സംഘം സന്ദർശിക്കുകയും മെഡിക്കൽ ക്യാമ്പുകളും മറ്റ് രോഗ

പ്രതിരോധ പ്രവർത്തനങ്ങളും നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഇവിടെയെല്ലാം ഈ രോഗം നിയന്ത്രണവിധേയമാക്കാൻ സാധിച്ചു. മഴ പെയ്യുമ്പോഴാണ് സാധാരണയായി ഡെങ്കിപ്പനി വ്യാപിക്കാറുള്ളത്. എന്നാൽ ഇത്തവണ കാലാവസ്ഥയിലുണ്ടായ വ്യതിയാനത്തിന്റെ ഭാഗമായി ഡെങ്കിപ്പനി വ്യാപിക്കുന്നതായിട്ടാണ് കാണുന്നത്. പത്രങ്ങളെല്ലാം ഇക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏപ്രിൽ 30-ാം തീയതിയിലെ ഹിന്ദു പത്രം റിപ്പോർട്ട് ചെയ്യുന്നത് 'കാലാവസ്ഥയിലുള്ള ശക്തമായ വ്യതിയാനം കാരണം ഇത്തവണ രോഗം പടരുന്നത് കൂടുതലാകുന്നു' എന്നാണ്. അവർ അത് പറയുമ്പോഴും വളരെ വ്യക്തമായി 'even while effective anti viral drugs are available to treat the disease' എന്ന് പറഞ്ഞുകൊണ്ടാണ് റിപ്പോർട്ട് തുടങ്ങുന്നത്. മരുന്നുകൾ കൃത്യമായി ശേഖരിക്കുന്നതിനും ഗവൺമെന്റ് മുൻകയ്യെടുത്തിട്ടുണ്ട്. പ്രതിരോധ നടപടികൾ മാത്രമല്ല ഇതിനാവശ്യമായ മരുന്ന് സംഭരിക്കുന്നതിന് കൃത്യമായി നടപടി സ്വീകരിക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതാണ് ഇതിലെ ഏറ്റവും പ്രധാനപ്പെട്ട നേട്ടമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഓരോ അസുഖത്തിനും ആവശ്യമായിട്ടുള്ള മരുന്ന് ലഭ്യമാക്കാൻ വേണ്ടി കെ.എം.എസ്.സി.എൽ. മുഖേന നല്ല ഇടപെടലാണ് ഗവൺമെന്റ് നടത്തിയത്. എല്ലാ രോഗങ്ങൾക്കുമുള്ള മരുന്ന് ഇപ്പോൾ സ്റ്റോക്കുണ്ട്.

ഇത്തവണ ഡെങ്കിപ്പനി കൂടാതെ എച്ച് 1 എൻ 1 റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡെങ്കിപ്പനിക്ക് പ്രത്യേകിച്ച് പ്രതിരോധ വാക്സിനില്ല. അതിന് മരുന്ന് ഇതുവരെ കണ്ടെത്തിയിട്ടില്ല. പനി ബാധിക്കുന്നവരെ വിശ്രമിക്കാനും നല്ല ചികിത്സ കൊടുക്കാനും സഹായകമായ രീതിയിൽ ആശുപത്രിയിലെത്തിച്ച് ചികിത്സിക്കുകയാണ് ഏറ്റവും ഉചിതം. ഡെങ്കിപ്പനി ബാധിച്ചാൽ ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരണമെന്ന് നിർദ്ദേശം കൊടുത്തതിന്റെ ഭാഗമായി ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരുന്ന രോഗികളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. മട്ടന്നൂർ അതിന് നല്ല ഉദാഹരണമായിരുന്നു. മട്ടന്നൂരിൽ ഡെങ്കിപ്പനി ബാധിച്ച സമയത്ത് സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്ത രണ്ടുപേരുടെ സ്ഥിതിയാണ് ഗുരുതരമായി മാറിയത്. ഡെങ്കിപ്പനി ബാധിച്ചവരെ സ്വകാര്യ ആശുപത്രികളിൽ അഡ്മിറ്റ് ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കിയ ഞങ്ങളുടെ സംഘം ഇടപെടുകയും മട്ടന്നൂർ ഗവൺമെന്റ് ഹോസ്പിറ്റലിലേയ്ക്ക് വരണമെന്ന് പറയുകയും ചെയ്തതിന്റെ ഭാഗമായി ഗവൺമെന്റ് ഹോസ്പിറ്റലിലേയ്ക്ക് നൂറിലേറെ ആളുകൾ വരികയുണ്ടായി. അതിൽ പത്തുപേർക്കുമാത്രമാണ് ഡെങ്കിപ്പനി സ്ഥിരീകരിച്ചത്. എങ്കിലും ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ അതിനുള്ള സംവിധാനമൊക്കെ ഒരുക്കി. ശ്രീ. സണ്ണി ജോസഫ് എം.എൽ.എ.യുടെ സബ്മിഷന്റെ ഭാഗമായി ഞാൻ അക്കാര്യം പറഞ്ഞതാണ്.

തൊട്ടടുത്തുള്ള ആശുപത്രികളെയൊക്കെ സജ്ജമാക്കി. ഇരിട്ടി താലൂക്കാശുപത്രി, തലശ്ശേരി ജനറലാശുപത്രി, കണ്ണൂർ ഗവൺമെന്റ് ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ യുദ്ധകാലാടിസ്ഥാനത്തിൽ സജ്ജമാക്കിയതിന്റെ ഭാഗമായി ഔട്ട് ബ്രേക്കുണ്ടായെങ്കിലും കൂടുതൽ അപായമുണ്ടാകാതെ നിയന്ത്രിക്കാൻ സാധിച്ചു.

എച്ച് 1 എൻ 1 ഇത്തവണ ഒരു ഔട്ട് ബ്രേക്കുണ്ടായി. കഴിഞ്ഞ വർഷം ഈ രോഗം കുറവായിരുന്നു. 2013-ൽ എച്ച് 1 എൻ 1 ബാധിച്ച് അറുപത്തിയെട്ടോളം മരണങ്ങളാണുണ്ടായത്. പിന്നീട് എച്ച് 1 എൻ 1 വന്നിരുന്നില്ല. ഇത്തവണയാണ് വീണ്ടും ഈ രോഗം വന്നത്. ഇത്തവണ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലാകെ എച്ച് 1 എൻ 1 പടർന്നുപിടിക്കുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കാലാവസ്ഥയിലുണ്ടായ മാറ്റം ഒരു പ്രധാന ഘടകമാണ്. അക്കൂട്ടത്തിൽ കേരളത്തിലും എച്ച് 1 എൻ 1 പടരാൻ തുടങ്ങിയപ്പോൾത്തന്നെ വളരെ ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. എച്ച് 1 എൻ 1 ബാധിച്ചാൽ ഉപയോഗിക്കാനുള്ള Oseltamivir ഗുളികകൾ വളരെ പെട്ടെന്നുതന്നെ കണ്ടെത്തി സ്റ്റോക്ക് ചെയ്യുകയും അതിന്റെ ഭാഗമായി ആശുപത്രികളിൽ കൃത്യമായി ഈ ഗുളിക ഉണ്ടെന്നുള്ളതും വളരെ ആശ്വാസമാണ്. രോഗം റിപ്പോർട്ട് ചെയ്യുമ്പോഴാണല്ലോ മരുന്നുകൾ ശേഖരിക്കാൻ തുടങ്ങുക. ടെണ്ടർ ചെയ്ത് മരുന്നുകൾ ശേഖരിക്കാനുള്ള

കാലതാമസം വരുന്നതിന്റെ ഭാഗമായി കാരുണ്യ ഫാർമസി മുഖേന ശേഖരിച്ച് ആശുപത്രികളിലെത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഇപ്പോൾ ആശുപത്രികളിൽ 223378 (രണ്ട് ലക്ഷത്തി ഇരുപത്തിമൂവായിരത്തി മുന്നൂറ്റി എഴുപത്തിയെട്ട്) ഗുളികകളും ജില്ലാ മെഡിക്കൽ ഓഫീസറുടെ പക്കൽ 76000 (എഴുപത്തിയാറായിരം) ഗുളികകളും കാരുണ്യ ഫാർമസികളിൽ 91987 (തൊണ്ണൂറ്റിയൊന്നായിരത്തി തൊള്ളായിരത്തി എൺപത്തിയേഴ്) Oseltamivir ഗുളികകളും സ്റ്റോക്കുണ്ട്. എത്ര വലിയ ഔട്ട് ബ്രേക്കുണ്ടായാലും പിടിച്ചുനിൽക്കാൻ പാകത്തിന് മെഡിസിൻ സ്റ്റോക്കുണ്ടെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

എലിപ്പനിക്ക് നൽകുന്ന Doxycycline ഗുളികയും കൃത്യമായി സ്റ്റോക്കുണ്ട്. ആശുപത്രികളിലെല്ലാം വിതരണം ചെയ്തുകഴിഞ്ഞിട്ടും 2503085 (ഇരുപത്തിയഞ്ച് ലക്ഷത്തി മൂവായിരത്തി എൺപത്തിയഞ്ച്) ഗുളികളുടെ കരുതൽ ശേഖരവുമുണ്ട്. അതുകൊണ്ട് മരുന്നില്ലാത്ത അവസ്ഥ ഈ കാര്യത്തിലും വരുന്നില്ല. ചിക്കൻപോക്സിന് കൊടുത്തുവരുന്ന Acyclovir ഗുളികയും എല്ലാ ജില്ലകളിലും വിതരണം ചെയ്തിട്ടുണ്ട്. അതിനുശേഷം 1553740 (പതിനഞ്ച് ലക്ഷത്തി അമ്പത്തിമൂവായിരത്തി എഴുന്നൂറ്റി നാല്പത്) ഗുളികകൾ ഗവൺമെന്റിൽ സ്റ്റോക്കുണ്ട്. തൊട്ടടുത്ത സംസ്ഥാനങ്ങളിലെല്ലാം മരണമുണ്ടായെന്ന് പറയുമ്പോൾ തമിഴ്നാട്ടിൽ 914

എച്ച് 1 എൻ 1 മരണം ഇത്തവണയുണ്ടായിട്ടുണ്ട്. 2017-ൽ കേരളത്തിൽ 24 മരണമുണ്ടായെന്നുള്ളത് പേടിപ്പെടുത്തുന്ന ഒരു വസ്തുതയാണ്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഔട്ട്ബ്രേക്ക് ഉണ്ടാകുന്നതിന്റെ ഭാഗമായിട്ടാണ് മരണങ്ങളുണ്ടാകുന്നത്. ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ നേരിട്ട് വരുന്നവർക്കല്ല മരണം സംഭവിക്കുന്നത്. നേരത്തെ പ്രൈവറ്റ് ഹോസ്പിറ്റലുകളിൽ ചികിത്സിച്ച് നമ്മുടെ പ്രോട്ടോകോൾ അനുസരിച്ച് കൃത്യമായി ചികിത്സ കൊടുക്കാത്തിടത്താണ് വളരെ ഗുരുതരമായി വരാറുള്ളത്. മറുപടി പറയുമ്പോൾ ശ്രീ. വി. ഡി. സതീശൻ എം.എൽ.എ. ബഹളമുണ്ടാക്കുന്നത് എന്താണ്; പകർച്ചവ്യാധികളെക്കുറിച്ച് ചോദിച്ചാൽ അതിന് മറുപടി പറയണ്ടേ?

<u>മി. സ്പീക്കർ</u>: നൽകിയ നോട്ടീസിന്റെ മറുപടിക്കുമപ്പുറത്തുള്ള എല്ലാ കാര്യങ്ങളും മന്ത്രി വിശദീകരിച്ചുകഴിഞ്ഞു. ഇനി അദ്ദേഹം സംസാരിച്ചതിനുശേഷം മറുപടി പറയുന്നതാണ് ഉചിതം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഞാൻ വിശദീകരിക്കുന്നില്ല. വളരെ കൃത്യമായ നടപടിക്രമങ്ങൾ ജനുവരി മാസം മുതൽ തുടങ്ങിയിട്ടുണ്ട്. ഇത്തവണ കുറച്ചധികം രോഗത്തിന്റെ ലക്ഷണങ്ങൾ കാണിക്കുന്നു എന്നുള്ളതിനാൽ നമ്മളെല്ലാവരും ജാഗരൂകരായിരിക്കേണ്ടതാണ്. ആരോഗ്യവകുപ്പ് കൃത്യമായ

ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട യാതൊരു വിഷയവുമില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ ഉന്നയിക്കാനിരിക്കുന്ന കാര്യങ്ങൾക്കുകൂടി മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യയായ മന്ത്രി ആദ്യംതന്നെ സാമാന്യം ദീർഘമായി മറുപടി പറഞ്ഞുകഴിഞ്ഞിരിക്കുകയാണ്. ഈ വർഷം ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ് കേരളത്തിൽ പകർച്ചപ്പനി ബാധയുണ്ടായതുകാരണം സംഭവിച്ചിരിക്കുന്നത്. അത് നിയന്ത്രിക്കുന്നതിനും പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും സർക്കാർ തികച്ചും പരാജയപ്പെട്ടിരിക്കുന്നു എന്നാണ് എനിക്ക് ഇക്കാര്യത്തിൽ പറയാനുള്ളത്. ഇതിനാവശ്യമായ മുൻകരുതലെടുക്കുന്നതിന് വളരെ കാലതാമസം നേരിട്ടു. സാധാരണഗതിയിൽ ജനുവരി മാസത്തിൽത്തന്നെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ, കോർപ്പറേഷൻ മേയർമാർ, വിവിധ ഡിപ്പാർട്ട്മെന്റിലെ ഉദ്യോഗസ്ഥന്മാർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ യോഗം ചേർന്നാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുന്നത്. എന്റെ ഒരു ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി നൽകിയിട്ടുള്ള മറുപടിയിൽ 06.03.2017-ൽ

മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ യോഗം ചേർന്നു എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്തായാലും ആവശ്യമായ മുൻകരുതലുകൾ എടുക്കാത്തതുകൊണ്ടാണ് നാല് മാസം കൊണ്ടുതന്നെ ഇത്രയധികം ഗുരുതരമായിട്ടുള്ള ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുള്ളത്. സാധാരണഗതിയിൽ ജൂൺ-ജൂലൈ മാസങ്ങളിലാണ് പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതും കൂടുതലായിട്ടുള്ള മരണങ്ങളുണ്ടാകുന്നതും. അതിൽനിന്ന് വിഭിന്നമായി ഈ പ്രാവശ്യം മഴക്കാലത്തിനുമുൻപുതന്നെ കേരളത്തിൽ മരണസംഖ്യ കൂടിയിരിക്കുകയാണ്. ഇപ്പോൾ 62 മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രണ്ട് ദിവസത്തിലൊരിക്കൽ ഒരു മരണം സംഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇത് നിസ്സാരമായി കാണാൻ കഴിയുമോ? സർക്കാർ ആശുപത്രിയിൽ ഇന്നലെ മാത്രമുള്ള കണക്ക്, (10-ാം തീയതി) ഒരു ദിവസം ചികിത്സയ്ക്ക് എത്തിയത് 9034 ആൾക്കാരാണ്. കഴിഞ്ഞ അഞ്ചുവർഷത്തെ കണക്ക് നോക്കിയാൽ ഒരു ദിവസം ശരാശരി 6000-7000 ആൾക്കാർ മാത്രമാണ് പനി ബാധിച്ച് ആശുപത്രികളിൽ എത്തിയത്. കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഒരു വർഷം പനിക്ക് ചികിത്സ തേടിയെത്തുന്നവരുടെ എണ്ണം ശരാശരി 28 ലക്ഷമാണ്. ഇതിൽ 40 ശതമാനത്തോളം എന്നുവച്ചാൽ ഏകദേശം 10 ലക്ഷത്തോളം ആളുകൾ ചികിത്സ തേടുന്നത് ജൂൺ-ജൂലൈ മാസത്തിലെ കാലവർഷത്തോടനുബന്ധിച്ചാണ്. ഈ

വർഷം നാലു മാസവും 130 ദിവസം കൊണ്ടുതന്നെ 7,77,777 പേർക്ക് പനി ബാധിച്ചതായിട്ടാണ് ഔദ്യോഗികമായിട്ടുള്ള ആരോഗ്യവകുപ്പിന്റെ കണക്ക്. അത് എന്റെ കയ്യിലുണ്ട്. ഇത്രയും രൂക്ഷമായ രീതിയിൽ പനി ബാധിച്ചതുമൂലം 62 പേർ മരിച്ചു. ഏറ്റവും കൂടുതൽ ആളുകൾ മരണപ്പെട്ടത് എച്ച് 1 എൻ 1 രോഗത്തിലൂടെയാണ്. എച്ച്1 എൻ1 രോഗം ഉണ്ടാകുമെന്നുള്ള മുൻകരുതലുകൾ എടുക്കുന്നതിൽ ഈ ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്. 62 പേർ മരിച്ചതിൽ ഏകദേശം 31 പേർ എച്ച്1 എൻ1 മൂലമാണ് മരണപ്പെട്ടത്. എച്ച് 1 എൻ 1 പനിക്കെതിരെ ജാഗ്രത പാലിക്കണമെന്നാവശ്യപ്പെട്ട് 22.02.2017-ലെ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഒരു സർക്കുലറുണ്ട്. എച്ച് 1 എൻ 1 പനി വ്യാപിക്കാതിരിക്കുന്നതിനുവേണ്ടി എന്ത് നടപടിയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചത്? മേയ് മാസത്തിൽ തന്നെ 8 പേർ മരിച്ചു. ഇന്ന് 11-ാം തീയതിയാണ്. ഓരോ ദിവസവും ഓരോ ആളുകൾ മരിക്കുകയാണ്. 8 പേർ മരിച്ചതിൽ 7 പേരും എച്ച് 1 എൻ 1 മൂലമാണ് മരണപ്പെട്ടത്. ബഹുമാന്യയായ മന്ത്രിയുടെ മറുപടിയിൽ ഇവിടെ സൂചിപ്പിച്ച ഒരു കാര്യമുണ്ട്. 2015-ൽ എച്ച് 1 എൻ 1 രോഗംമൂലം 76 പേർ മരിച്ചുവെന്നാണ്. ഒരു വർഷം 939 പേർക്ക് രോഗം ബാധിച്ചപ്പോഴാണ് 76 പേർ മരിച്ചത്. എന്നാൽ ഈ വർഷം 4 മാസത്തിനുള്ളിൽ 433 പേർക്ക് രോഗം ബാധിക്കുകയും അതിൽ 31 പേർ

മരിക്കുകയും ചെയ്തു. ഡെത്ത് റേറ്റ് വളരെയധികം കൂടിയിരിക്കുകയാണ്. ആവശ്യത്തിന് മരുന്ന് ലഭ്യമാണ് എന്ന് പറയുന്നുണ്ടെങ്കിലും പ്രതിരോധ പ്രവർത്തനങ്ങളിൽ പാളിച്ചയുണ്ടായിരിക്കുകയാണ്. മൂന്നുനാലുമാസങ്ങൾക്ക് മുമ്പ് സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എടുത്തിട്ടില്ല.

അതുപോലെതന്നെ ഡെങ്കിപ്പനിയുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുകയാണ്. 2016-ൽ ആദ്യത്തെ 4 മാസം 979 പേർക്കാണ് ഡെങ്കിപ്പനി വന്നത്. 2017-ൽ അത് മൂന്നിരട്ടിയായി വർദ്ധിച്ചിരിക്കുകയാണ്; അതായത് 2,923 പേർക്കാണ് ഡെങ്കിപ്പനി വന്നത്. പനി നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ് മന്ത്രി മറുപടി നൽകിയത്. ആരോഗ്യവകുപ്പിന്റെ ഈ കണക്കുകളൊന്നും മന്ത്രി കാണുന്നില്ലേ എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഇന്നലത്തെ കണക്കുകൾ പോലും നിയന്ത്രണ വിധേയമായി കാണാൻ നമുക്ക് കഴിയുന്നില്ല. 10-ാം തീയതിയുള്ള ഹിന്ദു ദിനപത്രത്തിൽ (ഒരു ദേശീയ പത്രമാണ്) ഒരു പേജ് മുഴുവൻ ഡെങ്കിപ്പനി മൂലം കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന മാരകമായിട്ടുള്ള പ്രശ്നങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യയായ മന്ത്രി പറഞ്ഞ മറുപടിയിൽ മരുന്നുകൾ സ്വരൂപിച്ചിട്ടുണ്ടെന്നാണ് പറയുന്നത്. മരുന്ന് ഉണ്ടാക്കുകയെന്നുള്ളതല്ല; പനി വരാതിരിക്കുന്നതിനായി എന്ത് പ്രതിരോധ

നടപടികളാണ് സ്വീകരിച്ചത്? ഇവിടെ സൂചിപ്പിച്ച 63 ഡെങ്കിപ്പനി കേസുകളിൽ 51-ഉം തിരുവനന്തപുരത്താണ്. ഡെങ്കിപ്പനിയുടെ തലസ്ഥാനമായി തിരുവനന്തപുരം മാറിയിരിക്കുന്നു. 'State Capital is the Dengue's capital'. ഏപ്രിൽ 30-ലെ ഹിന്ദു ദിനപത്രം ഒരു പേജ് മുഴുവൻ ഈ കാരണങ്ങൾ ചൂണ്ടിക്കാണിച്ച് വിലയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം Dengue-ന്റെ തലസ്ഥാനമായി മാറിയിരിക്കുന്നു. പാലക്കാട്, മലപ്പുറം, കണ്ണൂർ ഇവിടെയൊക്കെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

തിരുവനന്തപുരത്ത് പല സ്ഥലങ്ങളിലും 'Hot spot'-കൾ കഴിഞ്ഞ വർഷങ്ങളിൽ കണ്ടെത്തിയ സ്ഥലങ്ങൾ തന്നെയാണ് ഇപ്പോഴും രേഖപ്പെടുത്തിയിട്ടുള്ളത്. ആരോഗ്യവകുപ്പ് തയ്യാറാക്കിയിട്ടുള്ള ലിസ്റ്റാണ്. വട്ടിയൂർക്കാവ്, പേരൂർക്കട ഉൾപ്പെടെയുള്ള തിരുവനന്തപുരം ജില്ലയുടെ വിവിധ പ്രദേശങ്ങളിൽ 'Hot spot'-കൾ കണ്ടെത്തി; അവിടെ എന്തു നടക്കുന്നു? തിരുവനന്തപുരം നഗരത്തിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ദിവസവും വൈകുന്നേരം ഫോഗിംഗ് നടത്താറുണ്ട്. ഒരു ഫോഗിംഗും കോർപ്പറേഷന്റെ നേതൃത്വത്തിൽ നടത്തിയിട്ടില്ല. കോ-ഓർഡിനേറ്റ് ചെയ്തിട്ടുള്ള ഒരു പ്രവർത്തനങ്ങളും ഉണ്ടാകുന്നില്ല. ജാഗ്രതയോടുള്ള പ്രവർത്തനമില്ലായ്മയും മുന്നൊരുക്കമില്ലായ്മയും വകുപ്പുകളുടെ

ഏകോപനമില്ലായ്മയുമാണ് പ്രധാനപ്പെട്ട കാരണമായി മാറിയിരിക്കുന്നത്. മഴക്കാലത്തിനുമുൻപ് കേരളത്തിലെ സ്ഥിതിവിശേഷം ഇതാണെങ്കിൽ മഴക്കാലം വരുമ്പോൾ കേരളത്തിലെ പനിക്കിടക്കകൾ മരണക്കിടക്കകളായി മാറുന്ന സാഹചര്യത്തിലേയ്ക്കാണ് കേരളത്തെ സർക്കാർ തള്ളിവിടുന്നതെന്നുള്ളതാണ് ഏറ്റവും ദുഃഖകരമായിട്ടുള്ള സ്ഥിതിവിശേഷം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സംസ്ഥാനത്തെ പനി നിയന്ത്രിക്കുന്നതിനുവേണ്ടി ഒരു കലണ്ടർ തന്നെ തയ്യാറാക്കിയിരുന്നു. ജനുവരി മാസത്തിൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുന്ന വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ മീറ്റിംഗുകൾ തുടങ്ങി മേയ് മാസം നടത്തുന്ന ഡ്രൈ ഡേ വരെയുള്ള ചിട്ടയായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ കാലഘട്ടങ്ങളിൽ നടത്തിയിരുന്നത്. ആ പ്രവർത്തനങ്ങളൊന്നും ഈ പ്രാവശ്യം നടന്നിട്ടില്ല. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുക, ഡി.എം.ഒ. മാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക, ഓരോ ജില്ലയിലും അഡീഷണൽ ഡയറക്ടർമാർ ക്യാമ്പ് ചെയ്ത് പ്രത്യേകമായ പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങളൊക്കെ ചെയ്തിരുന്നു. മന്ത്രിയുടെ ഓഫീസിൽ സെക്രട്ടേറിയറ്റിൽ തന്നെ 24 മണിക്കൂറും പ്രവർത്തിക്കുന്ന മോണിറ്ററിംഗ് സെല്ലുകൾ ആ കാലഘട്ടത്തിൽ പ്രവർത്തിച്ചിട്ടുണ്ട്. ഈ പ്രാവശ്യം

അതൊന്നുമില്ല. പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ പി.എച്ച്.സി.യിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ, സാങ്കേതിക പരിജ്ഞാനമുള്ളവരുടെ നേതൃത്വത്തിൽ വാർഡുതല സാനിറ്റേഷൻ കമ്മിറ്റികൾ ഓരോ പ്രദേശത്തും വളരെ ശക്തമായി പ്രവർത്തിച്ചിരുന്നു. കേരളത്തിലെ 18,000-ത്തോളം വാർഡുകളിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങൾ നടന്നു. ആ പ്രവർത്തനങ്ങൾ ഇന്ന് തികച്ചും സ്തംഭിച്ചിരിക്കുകയാണ്. ഓരോ വാർഡിനും ആ കാലഘട്ടത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്കുവേണ്ടി, പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഒരു വാർഡിന് 25,000/- രൂപ നൽകിയിരുന്നു. ഒരു രൂപ പോലും ഇതുവരെ കൊടുത്തിട്ടില്ല. പനി വന്ന് കേരളത്തിലെ ആളുകൾ മരിക്കുന്ന സ്ഥിതിവിശേഷമുണ്ടായിരിക്കുകയാണ്. ആരോഗ്യവകുപ്പ് കൊടുക്കേണ്ട 10,000 രൂപ പോലും കൊടുത്തിട്ടില്ല. മന്ത്രി അതിന് മറുപടി പറയണം. കഴിഞ്ഞ ഏപ്രിൽ മാസത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾക്ക് കൊടുക്കേണ്ടിയിരുന്ന 25,000/-രൂപ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഇതുവരെ നൽകിയിട്ടില്ല. ഞങ്ങളുടെ കാലഘട്ടത്തിൽ നൽകിയിരുന്നു. എന്ത് പ്രവർത്തനമാണ് അവർക്ക് നടത്താൻ കഴിയുക? ഇന്നലെ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നോട് പറഞ്ഞു, കുളത്തൂർ പഞ്ചായത്തിലെ പ്രവർത്തനങ്ങൾ

ഏറ്റെടുക്കാൻ പഞ്ചായത്തിന് പൈസയില്ല എന്ന്. തനത് ഫണ്ട് കൊടുത്തിട്ടില്ല. അതുപോലെതന്നെ 25,000/- രൂപ ഇതുവരെ കൊടുക്കാത്ത വളരെ ഗുരുതരമായിട്ടുള്ള ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്.

അതുപോലെതന്നെ കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇവിടെ ആവശ്യമായ ജീവനക്കാരില്ലാത്ത ഒരു സാഹചര്യമുണ്ടായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഡി.എം.ഒ.മാർ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലകളിൽ അവർ തന്നെ ഇന്റർവ്യൂ നടത്തി സാങ്കേതികമായി പരിജ്ഞാനമുള്ള സ്പ്രേ മെൻ, ക്ലീനേഴ്സ്, ഹെൽത്ത് ഇൻസ്പെക്ടർമാർ, ഫാർമസിസ്റ്റ്, കൂടാതെ ഡോക്ടർമാർ എന്നിവരെ നിയമിച്ചു; അവരെ ഇപ്പോൾ പിരിച്ചുവിട്ടിരിക്കുകയാണ്. അതിന് മന്ത്രി പറഞ്ഞിരിക്കുന്ന മറുപടി അവരുടെ ആവശ്യമില്ലായെന്നുള്ളതാണ്. പല സ്ഥലത്തും ഫോഗിംഗ് നടക്കുന്നില്ല. അതുപോലെതന്നെ ടെക്നിക്കൽ സ്റ്റാഫിന്റെ കുറവുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ശുചിത്വത്തിന്റെ കാര്യത്തിൽ ഇൻഡ്യയിൽ ഒന്നാമത്തെ സംസ്ഥാനമായിരുന്നു കേരളം. ഇന്നത്തെ സ്ഥിതി എന്താണ്? കഴിഞ്ഞ 40 വർഷക്കാലമായി തിരുവനന്തപുരം കോർപ്പറേഷന്റെ ഭരണം എൽ.ഡി.എഫ്.ന്റെ നേതൃത്വത്തിലാണ്. അതിന്റെ ഫലമെന്താണ്; ശുചിത്വത്തിന്റെ കാര്യത്തിൽ 372-ാം സ്ഥാനത്തേയ്ക്ക്

തിരുവനന്തപുരം നഗരം എത്തിയിരിക്കുന്നുവെന്നല്ലേ? അതുപോലെതന്നെ കൊച്ചിയിലേയും കോഴിക്കോട്ടേയും സ്ഥിതിവിശേഷം ഇതുതന്നെയാണ്. മാലിന്യം കൊണ്ട് പകർച്ചവ്യാധികളുടെ സ്വന്തം നാടായി കേരളം മാറിയിരിക്കുന്നുവെന്നുള്ളതാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമുക്കുണ്ടായ ഒരു പ്രശ്നം.

വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടപ്പിലാക്കുമ്പോൾ ശാസ്ത്രീയമായ മാനദണ്ഡങ്ങൾ പാലിക്കപ്പെടണം. അല്ലെങ്കിൽ ഓരോ വീടും പകർച്ചവ്യാധികളുടെ കേന്ദ്രമായി മാറുന്നു. അതുകൊണ്ട് കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റുകൾ കേരളത്തിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഉണ്ടാകണമെന്നുള്ളതാണ് എനിക്ക് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്. 'ഹരിതകേരളം' പദ്ധതി നവംബർ മാസം 1-ാം തീയതി പ്രഖ്യാപിച്ച് ഇപ്പോൾ 6 മാസമായി. എന്താണ് കേരളത്തിൽ ഇതുവരെ നടന്നത്? ഹരിത കേരളം പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു കാര്യവും നടന്നിട്ടില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആശാ വർക്കേഴ്സ്, കുടുംബശ്രീ വർക്കേഴ്സ് ഇവരെയെല്ലാം സംയോജിപ്പിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരളത്തിൽ എല്ലാ വീടുകളിലും ക്യാമ്പയിൻ

നടത്തി. ഡെങ്കിപ്പനിയൊക്കെ പിടിച്ചുനിർത്താൻ കഴിഞ്ഞത് ആ സാഹചര്യത്തിലാണ്. അതുപോലെതന്നെ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിലേയ്ക്കായി സെലിബ്രിറ്റീസ് അടക്കമുള്ള പ്രമുഖർ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും പങ്കെടുത്തുകൊണ്ട് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കി; ഈ വർഷം ഈ കാര്യങ്ങളൊന്നും നടന്നില്ല.

കഴിഞ്ഞ പ്രാവശ്യം മുഖ്യമന്ത്രി എല്ലാ എം.എൽ.എ.മാർക്കും കത്തയച്ചു. എം.എൽ.എ. മാർക്ക് അയച്ച കത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്, ഓരോ അസംബ്ലി നിയോജകമണ്ഡലത്തിലുമുള്ള പ്രതിരോധ പ്രവർത്തനങ്ങൾക്ക് എം.എൽ.എ.മാർ നേതൃത്വം കൊടുക്കണമെന്നുള്ളതാണ്. അത് ഇവിടെയുള്ള പഴയ എം.എൽ.എ. മാർക്ക് ഓർമ്മയുണ്ട്. എല്ലാ സ്ഥലങ്ങളിലും എം.എൽ.എ.മാർ പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. ഒരു കത്ത് എം.എൽ.എ. മാർക്ക് ഇതുവരെ അയയ്ക്കാൻ മുഖ്യമന്ത്രിയോ ആരോഗ്യ വകുപ്പുമന്ത്രിയോ തയ്യാറായിട്ടുണ്ടോ? അവരുടെ നേതൃത്വത്തിൽ ശക്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന്റെ ഭാഗമായിട്ടാണ് ഈ കാര്യങ്ങളൊക്കെ നടക്കുന്നത്. ഇനി മഴക്കാലം വരാൻ പോകുകയാണ്. മഴക്കാലം വരുന്നതിനുമുൻപ് മഴക്കാലത്തുണ്ടാകുന്ന ഒരു സാഹചര്യം ഇപ്പോൾ ഉണ്ടായിട്ടുണ്ട്. കോളറ, ഹെപ്പറ്റൈറ്റിസ്, ടൈഫോയിഡ് പോലെയുള്ള

ജലജന്യരോഗങ്ങൾ ഇവിടെയുണ്ടാകുന്നുണ്ട്. വേനൽക്കാല ശീതള പാനീയങ്ങൾ എല്ലാ സ്ഥലത്തും വില്ക്കുന്നുണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പ് എന്താണ് ചെയ്യുന്നത്? രോഗങ്ങൾ പടർന്നുപിടിക്കുന്ന വലിയ ഗുരുതരമായ സ്ഥിതിവിശേഷമുണ്ടായിരിക്കുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധനയെക്കുറിച്ചോ നടപടികൾ സ്വീകരിച്ചതിനെക്കുറിച്ചോ ഒരു വാർത്തയും ഒരു പത്രത്തിലും കാണുന്നില്ല. ഒരു നോക്കുകുത്തിയായി കേരളത്തിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യമാണുണ്ടായിരിക്കുന്നത്. ഇതരസംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തിയപ്പോൾ ഗുരുതരമായ രോഗങ്ങൾ ഉണ്ടായിരുന്നു. അവിടെ ലെപ്രസി, ടി.ബി. പോലുള്ള രോഗങ്ങൾ ഉണ്ട്. രോഗങ്ങളുടെ വാഹകരായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പിലെ തൊഴിലാളികൾ മാറുകയാണ്. അവിടെ നിരന്തരമായി മെഡിക്കൽ ക്യാമ്പുകൾ നടത്താൻ ഈ ഗവൺമെന്റ് തയ്യാറാകുന്നില്ല.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഭക്ഷ്യ സുരക്ഷാ വകുപ്പ് വളരെയധികം weak ആയി നിൽക്കുന്നു. കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇക്കാര്യങ്ങളൊക്കെ മനസ്സിലാക്കിക്കൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കേരളത്തിൽ

ഓരോ വർഷവും വരുന്ന പകർച്ച പനികൾ നിയന്ത്രിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ, അതുമായി ബന്ധപ്പെട്ട റിസർച്ച് നടത്തുന്നതിനുവേണ്ടിയാണ് പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായം നമ്മൾ തേടിയത്. അവർ ഇവിടെ വന്ന് പഠനം നടത്തി അതുമായുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയി. ഈ ഗവൺമെന്റ് വന്നിട്ട് ഒരു വർഷമായി. ആ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണ്. ഓരോ വർഷവും ഉണ്ടാകുന്ന പകർച്ചപ്പനി നിയന്ത്രിക്കുന്നതിലേയ്ക്ക് വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുകയും ശാശ്വതമായി ഈ ഒരു പ്രതിഭാസം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കുന്നതിന് കൂടുതലായിട്ടുള്ള ഗവേഷണ തലത്തിലുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മൊത്തത്തിൽ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിൽ ഈ ഗവൺമെന്റ് അമ്പേ പരാജയപ്പെട്ടിരിക്കുന്നു. അതിന്റെ അടിസ്ഥാനത്തിൽ 62 മരണങ്ങൾ ഉണ്ടായിരിക്കുന്നു. എച്ച്1 എൻ1 സംബന്ധിച്ച് മൂന്നുമാസത്തിനുമുൻപ്...... (തടസ്സം)....കൊടുത്തു. ഒരു കാര്യവും നടക്കുന്നില്ല. ഇക്കാര്യങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. രണ്ടുദിവസത്തിലൊരിക്കൽ ഓരോ ആളുകൾ മരിച്ചുകൊണ്ടിരിക്കുന്നു. ഈ മാസം 11-ാം തീയതിയായപ്പോൾ തന്നെ 8 ആളുകൾ

മരണപ്പെട്ടു. ഈ ഗുരുതരമായ സ്ഥിതിവിശേഷം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ വിഷയം അവതരിപ്പിച്ചത് ബഹുമാനപ്പെട്ട മുൻ ആരോഗ്യ വകുപ്പുമന്ത്രിയായതുകൊണ്ട് അദ്ദേഹത്തിന് ഇക്കാര്യം വിശദീകരിക്കുമ്പോൾ സ്വാഭവികമായും കുറച്ച് വൈകാരികത വരും. പക്ഷെ ഇത് നമ്മൾ അങ്ങനെയല്ല കാണേണ്ടത്. വസ്തുനിഷ്ഠമായി ഈ പ്രശ്നത്തെ സമീപിക്കാൻ നമുക്ക് സാധിക്കണം. മരണത്തിന്റെ ഏറ്റക്കുറച്ചിലെല്ലാം പറഞ്ഞ് തർക്കിക്കാൻ ഞാനില്ല. ഏത് ഗവൺമെന്റിന്റെ കാലത്തായാലും ചിലപ്പോൾ ഇത്തരം പകർച്ചവ്യാധികളെല്ലാം വരാം. ശ്രീ. വി. എസ്. ശിവകുമാർ ഈ ഗവൺമെന്റിന്റെ കാലത്താണ് എല്ലാ മരണങ്ങളും വന്നുപെട്ടത് എന്നുപറയുമ്പോൾ എനിക്കും അതിന് ഉപോൽബലകമായിട്ടുള്ള ചില കാര്യങ്ങൾ സൂചിപ്പിക്കാതിരിക്കാൻ സാധിക്കില്ല. എന്നെ ഒന്നുരണ്ടു കാര്യങ്ങൾ പറയാൻ അനുവദിക്കണം. 2015-ലെ മാതൃഭൂമി പത്രമാണിത് (പത്രത്തിന്റെ കോപ്പി ഉയർത്തിക്കാട്ടി). 'എലിപ്പനി - മരിച്ചത് 100 പേർ', 'കേരളത്തിൽ ഏഴ് മാസത്തിനിടെ 14 ലക്ഷം പേർക്ക് പകർച്ചപ്പനി - മരണം 226'. എന്റെ അടുത്ത് ഒരുപാട് പേപ്പറുണ്ട്.

ശ്രീ. അട്ടർ പ്രകാശ്: സർ, കേരളത്തിലെ ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് പറയാനുള്ളത്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ വഴങ്ങുന്നില്ല, എന്നെ പറയാൻ അനുവദിക്കുക. താങ്കൾ പറയുന്നതെല്ലാം ക്ഷമയോടെ ഇവിടെയിരുന്ന് കേട്ടല്ലോ. ഞാൻ അപ്പോൾ ഇടപെട്ടിട്ടില്ല. കണക്കുകളെല്ലാം നിരത്തിയിട്ട് ഈ ഗവൺമെന്റ് വന്നപ്പോൾ എല്ലാം അട്ടിമറിഞ്ഞുപോയി, ഇപ്പോഴാണ് പനി കൂടുന്നത്, മരണം കൂടുന്നത് എന്നുപറയുമ്പോൾ എന്റെ കയ്യിലുള്ള കണക്കുകൾ കാണിക്കാതിരിക്കുന്നത് ശരിയായ രീതിയല്ലല്ലോ. കുറെ കണക്കുകളുണ്ട്. മരണത്തിന്റെ എണ്ണവും ഉണ്ട്. ഞാൻ അതെല്ലാം കൂടുതലായി പറയുന്നില്ല. മരണത്തിന്റെ എണ്ണത്തിന്റെ കാര്യത്തിലും ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ ഓർമ്മിക്കുന്നത് നല്ലതാണ്. ഇത് നമ്മളെല്ലാംകൂടി ചേർന്ന് നിയന്ത്രിക്കേണ്ട വിഷയമാണ്. പക്ഷെ താങ്കൾ പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. 2015-ൽ ഡെങ്കിപ്പനി ബാധിച്ച് 29 മരണവും 2013-ൽ 29 മരണങ്ങളുമാണ് ഉണ്ടായിട്ടുള്ളത്. പക്ഷെ 2016-ൽ അത് 13 ആയി കുറയ്ക്കാൻ സാധിച്ചു. കാലാവസ്ഥയുടെ ഭാഗമായി പനി പടരുന്നത് കൂടുന്നുണ്ടെന്ന് ഞാൻ നേരത്തെ പറഞ്ഞല്ലോ. മാത്രമല്ല ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരാൻ പറയുന്നതുകൊണ്ട് ഗവൺമെന്റ് ആശുപത്രിയിൽ

എത്തുന്ന പനിക്കാരുടെ എണ്ണവും കൂടുന്നുണ്ട്. അതിന്റെ അർത്ഥം ഗവൺമെന്റ് ആശുപത്രിയിൽ വരുന്നവർക്ക് മാത്രമാണ് പനിയെന്നല്ല. ഗവൺമെന്റ് ആശുപത്രികളുടെ എണ്ണം എടുത്തിട്ടാണ് ഈ കണക്ക് പറയുന്നത്. യഥാർത്ഥ പനിയുടെ എണ്ണം ഗവൺമെന്റ് ആശുപത്രികളിൽ നിന്നും കിട്ടുന്ന റിപ്പോർട്ട് മാത്രമല്ല, സ്വകാര്യ ആശുപത്രികളിൽ നിന്നുള്ള കണക്കെടുത്താൽ കേരളത്തിൽ പനിയുടെ എണ്ണം ഇനിയും ധാരാളമായി വർദ്ധിക്കാനാണ് സാധ്യത. പക്ഷെ പനി ബാധിച്ച ആളുകൾ മരിക്കാതിരിക്കാൻ നമുക്ക് എന്ത് ചെയ്യാൻ സാധിക്കും. പനി മരണങ്ങൾ ഉണ്ടാകരുത്. പനി ഉണ്ടാകരുതെന്ന് പറഞ്ഞാൽ അത്ര എളുപ്പത്തിൽ ഇല്ലാതാക്കാൻ കഴിയുന്ന കാര്യമല്ല. പക്ഷെ പനി മരണങ്ങൾ കുറയ്ക്കാൻ നമുക്കെല്ലാവർക്കും കൂടി എന്താണ് ചെയ്യാൻ സാധിക്കുന്നത്. ഈ ഗവൺമെന്റ് വന്നതിനുശേഷം അതിനുള്ള എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയെന്നതാണ് പറഞ്ഞത്. 2016-ൽ നന്നായി കുറയ്ക്കാൻ സാധിച്ചു. മലേറിയ-2013-ലും 2015-ലും നാലും ആറും ആയിരുന്നു. അത് മൂന്നായി കുറഞ്ഞിട്ടുണ്ട്. എലിപ്പനി-2015-ൽ 43 മരണവും 2013-ൽ 34 മരണവും എന്നാൽ 27 മരണമാണ് കഴിഞ്ഞ വർഷം ഉണ്ടായിട്ടുള്ളത്. 27 പേരും മരിക്കാൻ പാടില്ല, ആരും മരിക്കാൻ പാടില്ല എന്നതാണ്. എച്ച്1 എൻ1 ബാധിച്ച് 2015-ൽ 76 പേർ മരിച്ചിട്ടുണ്ടെന്ന് ഈ വിഷയം

അവതരിപ്പിച്ച ബഹുമാനപ്പെട്ട വി. എസ്. ശിവകുമാർ തന്നെ പറഞ്ഞു. ഞാൻ പറഞ്ഞ കണക്കിനെക്കാളും കൂടുതലാണ് അദ്ദേഹം പറഞ്ഞത്. ഞാൻ 68 ആണെന്നാണ് വിചാരിച്ചത്. അദ്ദേഹം 76 പേർ മരിച്ചിട്ടുണ്ടെന്ന് പറഞ്ഞു. അതായിരിക്കും ചിലപ്പോൾ ശരിയായിട്ടുള്ള കണക്ക്. ഇത്തവണ എച്ച്1 എൻ1 തുടങ്ങുമ്പോൾ തന്നെ നമ്മൾ ഇടപെട്ടു. എച്ച്1 എൻ1 പൊട്ടിപുറപ്പെട്ടുമെന്ന് out break ഉണ്ടാകുമ്പോഴേ മനസ്സിലാക്കാൻ സാധിക്കൂ. മാത്രമല്ല എച്ച്1 എൻ1 പിടിപെട്ടിട്ട് ഗവൺമെന്റ് ആശുപത്രിയിലേയ്ക്ക് വരാതെ സ്വകാര്യ ആശുപത്രിയിലേയ്ക്ക് പോയി അസുഖം കൂടുമ്പോഴാണ് ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരുന്നത്. അതിപ്പോൾ താങ്കൾക്കായാലും എനിക്കായാലും നമുക്ക് ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരുന്ന കണക്കുകളാണ് കിട്ടുന്നത്. ഗവൺമെന്റ് ആശുപത്രികളിലേയ്ക്ക് വരുമ്പോഴാണ് ഇത്തരം ഔട്ട് ബ്രേക്കുകൾ നമ്മൾ അറിയുന്നത്. അല്ലാതെ സ്വകാര്യ ആശുപത്രിയിൽ ചികിത്സിച്ച് ഇത് കൂടുമ്പോൾ നമ്മൾ അറിയുന്നില്ലെന്നൊരു വസ്തുതയുണ്ട്. പക്ഷെ ഗവൺമെന്റ് അറിഞ്ഞ ഉടനെ തന്നെ നടത്തിയ ഇടപെടലുകളെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ജനുവരി മാസത്തിൽതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടു, മാർച്ച് മാസത്തിൽ വീണ്ടും യോഗം ചേർന്നു. ഏപ്രിലിൽ എന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. പിന്നീട് ആരോഗ്യവകുപ്പ്

ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ മീറ്റിംഗ് ചേരുക മാത്രമല്ല താഴെത്തലത്തിൽ ഇക്കാര്യത്തിൽ എന്ത് ചെയ്യണമെന്നുള്ള വ്യക്തമായ നിർദ്ദേശം കൊടുത്ത് ജില്ലതലത്തിലടക്കം നടത്തിയ ഇടപെടലിന്റെ ഭാഗമായിട്ടാണ് രോഗത്തെ പ്രതിരോധിച്ച് നിർത്താൻ സാധിച്ചത്. ഇത്തവണ ഐ.സി.എം.ആർ. റിപ്പോർട്ട് ചെയ്ത കണക്കനുസരിച്ചാണെങ്കിൽ ഇങ്ങനെയൊന്നുമല്ല ഉണ്ടാകേണ്ടത്, ഇതിനെക്കാൾ ഭീകരമായി പടരേണ്ടതാണ്, ഇത്തവണത്തെ കൊടും ചൂടും വെള്ളക്ഷാമവും കണക്കിലെടുത്ത് ജലക്ഷാമം ഉണ്ടാകുമ്പോൾ ജനങ്ങൾ ചെറിയ പാത്രങ്ങളിൽ വെള്ളം ശേഖരിച്ച് വയ്ക്കുകയാണ്. ആ ചെറിയ പാത്രത്തിൽ ശേഖരിച്ചുവച്ച വെള്ളത്തിലാണ് ഡെങ്കി കൊതുക് മുട്ടയിട്ട് പെരുകുന്നത്. അതെല്ലാം വലയിട്ട് മൂടാൻ സാധാരണക്കാരോട് പറഞ്ഞാലും അവർ അത്രത്തോളം അത് ചെയ്യുന്നില്ല. അവർക്കതിന് സാധിച്ചുവെന്ന് വരില്ല. അതിനെല്ലാം ബോധവൽക്കരണം നടത്തി നിരന്തരമായി ഇടപെട്ടതിന്റെ ഭാഗമായിട്ടാണ് ഈ പറയുന്ന രീതിയിൽ നമുക്ക് ഇതിനെ പിടിച്ചുനിർത്താൻ സാധിച്ചത്. വിദഗ്ദ്ധരായ ആളുകളടക്കം പങ്കെടുപ്പിച്ചിട്ടുണ്ട്. ഇവിടെ നടത്തിയ ട്രെയിനിംഗിൽ ചെന്നൈ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എപ്പിഡമോളജി വിഭാഗത്തിൽ നിന്നും ഡോ. വിടുതലൈ പങ്കെടുപ്പിച്ചിട്ടുണ്ട്. ചെന്നൈയിലും മറ്റെല്ലാ മേഖലയിൽ നിന്നുമുള്ള ആളുകളെ

പങ്കെടുപ്പിച്ചിട്ടുണ്ട്. സർവ്വെ ലിസ്റ്റ് ഓഫീസർമാരുടെ യോഗത്തിലെല്ലാം തന്നെ വിദഗ്ദ്ധരായിട്ടുള്ള നിരവധി ആളുകളെ പങ്കെടുപ്പിച്ചിട്ടുണ്ട്. അതിന്റെയെല്ലാം ഡീറ്റെയിൽസ് വായിക്കുന്നില്ല. ഓരോ ദിവസവുമായി നടത്തിയ പ്രവർത്തനങ്ങൾ എന്റെ അടുക്കൽ ഉണ്ട്. ഓഫീസർമാരുടെ മീറ്റിംഗുകൾ, ഡിസ്കഷൻ, അവിടെ കൊടുത്തിട്ടുള്ള കണക്കുകൾ എല്ലാം കൊടുത്തിട്ടുണ്ട്. താങ്കൾ പണം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞില്ലേ. 73 ലക്ഷം രൂപ മാർച്ച് മാസം തന്നെ വിതരണം ചെയ്തിട്ടുണ്ട്. 79 ലക്ഷം രൂപ ഏപ്രിൽ മുതൽ വിതരണം ചെയ്യുകയാണ്. ഒരു വാർഡിന് കൊടുക്കേണ്ട 25000 രൂപ പിടിച്ചുവച്ചിട്ടില്ല. കഴിഞ്ഞ തവണ കൊടുത്തത് മൂന്ന് മേഖലകളിലായിട്ടാണ്.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് കൊടുക്കേണ്ട തുക കൊടുത്തിട്ടില്ല.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, 73 ലക്ഷം രൂപ ഹെൽത്തിന് കൊടുക്കേണ്ടതാണ്. അത് വിതരണം ചെയ്തിട്ടുണ്ട്. എവിടെയെങ്കിലും ഒരു സ്ഥലത്ത് കിട്ടിയിട്ടില്ലെങ്കിൽ ഞാൻ അങ്ങയോട് തർക്കിക്കുന്നില്ല. കിട്ടാത്ത സ്ഥലം പറഞ്ഞാൽ മതി, അടിയന്തരമായി കൊടുക്കാം. എല്ലായിടത്തും കിട്ടിയിട്ടില്ലായെന്ന ഒരു പരാതിയും ഇന്നുവരെ ഉണ്ടായിട്ടില്ല. ആരോഗ്യവകുപ്പിന് കൊടുക്കേണ്ട

പണത്തിന്റെ കണക്കാണ് ഞാൻ പറഞ്ഞത്. താഴേയ്ക്ക് വീതിച്ച കൊടുത്തതിന്റെ കണക്കാണ്. ഏതെങ്കിലും ഒരു വാർഡിൽ കിട്ടിയിട്ടില്ലായെന്ന് ഏതെങ്കിലും ഒരു മെമ്പർ പറഞ്ഞിട്ടുണ്ടെങ്കിൽ പരിശോധിക്കേണ്ട വിഷയമാണ്. അത് പരിശോധിച്ച് അടിയന്തരമായി നടപടിയെടുക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ... ഹരിത കേരളം പരിപാടിയെപ്പറ്റി പറഞ്ഞല്ലോ; നല്ല രീതിയിലുള്ള ക്ലീനിംഗ് നടന്നു. എന്നാലും കുറെക്കൂടി ശ്രദ്ധിക്കേണ്ട വിഷയങ്ങളുണ്ടെന്നുതന്നെയാണ് സൂചിപ്പിക്കുന്നത്. അത്തരത്തിലുള്ള ക്ലീനിംഗുകളെല്ലാം തുടർന്നും നടത്തുന്നതിനുള്ള ശക്തമായ നടപടികളാണ് സ്വീകരിച്ചു വരുന്നത്. സമയമെടുക്കണ്ടായെന്നുവച്ചാണ് ഞാനിത് വായിക്കാത്തത്. എന്റെ കയ്യിൽ ഇതിന്റെയെല്ലാം ഡീറ്റെയിൽസ് ഞാൻ മേശപ്പുറത്ത് വയ്ക്കുകയാണ്. ഈ രണ്ടുമാസങ്ങളിലായി നിരന്തരമായി നടത്തിയ മീറ്റിംഗുകളും താഴെതലത്തിൽ കമ്മിറ്റികളടക്കം രൂപീകരിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങളും.... എന്റെ ഓഫീസിൽ എന്റെ സ്റ്റാഫിൽ രണ്ടുപേരെ റിപ്പോർട്ട് ചെയ്യാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഇതുസംബന്ധിച്ച് സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. പകർച്ചപ്പനി എവിടെയുണ്ടോ അത് റിപ്പോർട്ട് ചെയ്യാനും അനലൈസ് ചെയ്യാനും വ്യാപിക്കുന്നുണ്ടോയെന്ന്

പരിശോധിക്കാനും ഇടപെടാനുമുള്ള കൃത്യമായ നടപടികൾ ആരോഗ്യവകുപ്പുമായി ബന്ധപ്പെട്ട എല്ലാ ഓഫീസുകളിലും നടത്തിയിട്ടുണ്ട്. ആ ഇടപെടൽ നടത്തിയതിന്റെ ഭാഗമായിട്ടാണ് ഇത്രയെങ്കിലും നിയന്ത്രിച്ചുനിർത്താൻ നമുക്ക് സാധിച്ചത്. പക്ഷേ ഇത് പോരാ. എം.എൽ.എ.-മാർക്ക് കത്തയച്ചിട്ടില്ലെന്നാണ് പറഞ്ഞത്. ഞാൻ ഈ നിയമസഭയിൽ സംസാരിക്കുന്ന സമയത്ത് പറഞ്ഞതാണ്. എം.എൽ.എ-മാർ എല്ലാവരും അവരവരുടെ മണ്ഡലത്തിൽ... ഞാൻ പറയേണ്ടതുണ്ടോ; കത്തയയ്ക്കേണ്ടതുണ്ടോ; എം.എൽ.എ.-മാരുടെ കടമയെന്താണ്; പകർച്ചപ്പനി വരുമ്പോൾ സാധാരണ എല്ലാവർഷവും നടത്തുന്നതല്ലേ; പകർച്ചപ്പനി അവനവന്റെ മണ്ഡലത്തിൽ വരരുതെന്ന് എല്ലാ എം.എൽ.എ.-മാരും ആഗ്രഹിക്കുന്നുണ്ട്. ഞാൻ എം.എൽ.എ.-യാണ്. കുത്തുപറമ്പിൽ പനി വരരുതെന്ന് എനിക്കാഗ്രഹമുണ്ട്. മന്ത്രി എന്നുള്ള നിലയിലല്ല, എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ അവിടെ യോഗം വിളിച്ചുചേർത്തിട്ടുണ്ട്. മുമ്പ് പേരാവൂർ എം.എൽ.എ. ആയിരുന്നു. ആ സമയത്ത് അവിടെയും യോഗം വിളിച്ചുചേർത്തിട്ടുണ്ട്. ഞാൻ മാത്രമല്ല, എന്നെക്കാൾ സമർത്ഥമായി ഇടപെടുന്ന എം.എൽ.എ.-മാരുണ്ട്. എം.എൽ.എ.-മാർക്ക് അവരവരുടെ മണ്ഡലത്തിൽ പകർച്ചപ്പനി ഉണ്ടാകരുതെന്ന് അവനവന് ഒരാഗ്രഹം വേണ്ടേ; വളരെ വ്യക്തമായി മരുന്നിന്റെ കണക്ക് ഇവിടെ പറഞ്ഞു. വിശദമായ

കണക്ക് എന്റെ കയ്യിലുണ്ട്. വിശദമായി ഇവിടെ പറയുന്നില്ല. പക്ഷേ ഒരു കാര്യം, ഇത്തവണ സാധാരണ ഇല്ലാത്തതുപോലെ എച്ച്1.എൻ1 റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആരോഗ്യ വകുപ്പ് അതിന്റെ പ്രതിരോധ നടപടികളും എടുക്കുന്നുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി യോഗം വിളിച്ചുകൂട്ടുന്നതിനെക്കുറിച്ച് പറഞ്ഞു. തൃക്കാക്കര മണ്ഡലത്തിൽ ഞാൻ മുൻകൈയ്യെടുത്ത് രണ്ട് പ്രാവശ്യം യോഗം വിളിച്ചുകൂട്ടി. മൂന്നാമത്തെ യോഗം വിളിക്കണമെന്ന് പറഞ്ഞപ്പോൾ അവിടത്തെ ഒരു ഉദ്യോഗസ്ഥൻ എന്നെ വിളിച്ചുപറഞ്ഞത് ഇതിന് മുമ്പ് കൂടിയ രണ്ട് കമ്മിറ്റിക്ക് ചായ വാങ്ങിക്കൊടുത്ത കാശ് ലഭിച്ചിട്ടില്ല. അങ്ങ് നൽകാമെങ്കിൽ ഞങ്ങൾ വീണ്ടും കൂടാമെന്ന് പറഞ്ഞു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ശ്രീ. പി. ടി. തോമസ് വിചാരിച്ചാൽ ചായ വാങ്ങിക്കൊടുക്കാനുള്ള സംവിധാനം അവിടെ ഉണ്ടാക്കാൻ പറ്റില്ലേ; ആരെക്കൊണ്ടാണെന്നുവച്ചാൽ ചെയ്യിപ്പിച്ചാൽ പോരേ; ഇവിടെ വന്ന് ദാരിദ്ര്യം പറയേണ്ട കാര്യമുണ്ടോ; ഒരു മീറ്റിംഗിൽ ചായ വാങ്ങി കൊടുക്കാൻ മുൻ എം.പി.-യായ എം.എൽ.എ.-ക്ക് കഴിഞ്ഞില്ലെങ്കിൽ..... ആരോഗ്യ വകുപ്പാണോ ചായ കൊടുക്കേണ്ടത്; ശ്രീ. പി. ടി. തോമസിന് ചായയും പലഹാരവും വാങ്ങിക്കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ.... നാണക്കേടായിപ്പോയി. ഏതായാലും

ഞാൻ അവസാനിപ്പിക്കുകയാണ്. ശക്തമായിട്ടുള്ള രോഗ പ്രതിരോധ നടപടികൾ, മരുന്ന് കൃത്യമായി ഇതുവരെ.... സാധാരണ നിങ്ങൾ പത്രവാർത്തകൾ ശ്രദ്ധിച്ചു നോക്കു. ആശുപത്രികളിൽ ഇതുവരെ മരുന്നില്ല എന്നുള്ള വാർത്ത ഇത്തവണ പനി ബാധിക്കുന്ന സമയത്ത് എവിടെയെങ്കിലും വന്നോ; ആശുപത്രികളിൽ വളരെ സമർത്ഥമായിട്ടുള്ള ഇടപെടലിന്റെ ഭാഗമായിട്ടാണ് കൃത്യമായി മരുന്നുകൾ എത്തിച്ചത്. അതിന്റെ കുറച്ച് കണക്ക് ഞാൻ ഇവിടെ പറഞ്ഞു. എല്ലാ പേപ്പറുകളും ഞാൻ മേശപ്പുറത്തുവയ്ക്കുകയാണ്. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ പരിശോധിക്കാം. സാഹസികമായി ഇടപെട്ടിട്ട് തന്നെയാണ് മരുന്നിന്റെ ഷോർട്ടേജ് ഇല്ലാതാക്കിയത്. ഇത് വളരെ എളുപ്പത്തിൽ മാന്ത്രിക ദണ്ഡ് വീശികാണിച്ചിട്ടാണ് എന്നൊന്നും ആരും വിചാരിക്കണ്ട. അതിസാഹസികമായ ഇടപെടലിന്റെ ഭാഗമായിട്ടാണ് മരുന്ന് കൃത്യമായി ഏത് അസുഖം വന്നാലും ലഭിക്കുന്നത്. ഡെങ്കിപ്പനി, എലിപ്പനി, മഞ്ഞപ്പിത്തം, ഡിഫ്ത്തീരിയ എന്നിവയിൽ ഏതാണോ വന്നത് ആരോഗ്യ വകുപ്പും ആരോഗ്യ വകുപ്പ് പ്രവർത്തകരും ഇടപെടാൻ തയ്യാറാണ്. ചിലയിടങ്ങളിൽ സ്റ്റാഫ് ഷോർട്ടേജുണ്ടാകും. അത് പരിഹരിച്ചുവരികയാണ്. 3000-ലേറെ ആളുകളെ പോസ്റ്റ് ചെയ്തുവെന്ന് ഡിമാന്റ് ഡിസ്കഷനിൽ പറഞ്ഞതാണ്. എന്ത് വലിയ മാറ്റമാണ് കേരളത്തിൽ

ഉണ്ടായിരിക്കുന്നത്. ഈ പനിക്കാലത്ത് ഏതെങ്കിലും ഒരു പി.എച്ച്.സി.-യിൽ ഡോക്ടർ പോലുമില്ല എന്ന് പറയാൻ സാധിക്കുമോ? ആവശ്യമായ ഡോക്ടർമാരെ പോസ്റ്റ് ചെയ്തില്ലേ; അപ്പോൾ ഇതെല്ലാം നിങ്ങൾ അംഗീകരിക്കുന്നതിന് പകരം വെറുതെ ഇവിടെ ശത്രുതാ മനോഭാവത്തോടെ പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട മുൻമന്ത്രിയും ഞാനും അടക്കം ഇടപെട്ടിട്ട് ഇനി ഒരു മരണവും.... അങ്ങ് പറഞ്ഞല്ലോ പനിക്കിടക്കയിൽ പനിമരണം സംഭവിക്കാതിരിക്കട്ടെ. പനിക്കിടക്കയിൽ പനി മരണങ്ങൾ ഇല്ലാത്ത ഒരു കേരളം അതാണ് പ്രതീക്ഷിക്കുന്നത്. അതിന് സമർത്ഥമായ ഇടപെടൽ ആരോഗ്യ വകുപ്പ് നടത്തിയിട്ടുണ്ട്. എല്ലാവരുടെയും പിന്തുണ അതിന് പ്രതീക്ഷിക്കുകയാണ്. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു ഗുരുതരാവസ്ഥ ഇക്കാര്യത്തിൽ കേരളത്തിൽ ഇല്ല എന്നാണ് എനിക്ക് പറയാനുള്ളത്.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അനുമതി നിഷേധിക്കുകയാണ്.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, കേരളം പനി പിടിച്ച് വിറയ്ക്കുകയാണ്. പലതരം പനികൾ വ്യാപകമാകുന്നുവെന്നുള്ളതിന്റെ ഒരു ചിത്രമാണ്

ബഹുമാന്യനായ അംഗം വി. എസ്. ശിവകുമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്. എച്ച്1. എൻ1., ഡെങ്കി, പലതരം വൈറൽ പനികൾ, മഞ്ഞപ്പിത്തം, എലിപ്പനി, ചിക്കൻപോക്സ്, കോളറ തുടങ്ങിയ സാംക്രമിക രോഗങ്ങൾ പടരുകയാണ്. സാധാരണഗതിയിൽ മഴക്കാലത്താണ് ഇത്തരം രോഗങ്ങൾ ഉണ്ടാകാറുള്ളതെങ്കിലും ഇത്തവണ മഴയുണ്ടാകുന്നതിനുമുമ്പ് ൺ-ജൂലൈ മാസത്തിനുമുമ്പ് തന്നെ ഇത്തരം സാംക്രമിക രോഗങ്ങൾ കേരളത്തിൽ പടരുന്നുവെന്നുള്ളതാണ് ഏറ്റവും വലിയ ഒരു ദുരന്തം. തിരുവനന്തരം ജില്ലയിലും വ്യാപകമായ പനിയാണ്. മാത്രമല്ല സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിന് രോഗികൾ ഗവൺമെന്റ് ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും ചികിത്സ തേടുകയാണ്. നമ്മുടെ ഗവൺമെന്റിന്റെ കയ്യിലുള്ള കണക്ക് സർക്കാർ ആശുപത്രിയിലെ രോഗികളുടെ കണക്കുകൾ മാത്രമാണ്. സ്വകാര്യ ആശുപത്രികളിൽ ധാരാളം ആളുകൾ പനി ബാധിച്ച് ആശുപത്രിയിലാണ്. ബഹുമാന്യയായ കെ.കെ. ശൈലജ ടീച്ചറിന് തന്നെ ചിക്കൻപോക്സ് ബാധിച്ചിരുന്നു. ഞാൻ വിളിച്ച് അന്വേഷിച്ചതാണ്. നിരവധി മെമ്പർമാർ പനി പിടിച്ച് എം.എൽ.എ. ഹോസ്റ്റലിൽ ഉണ്ടായിരുന്നു. അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യംപെടുത്തുകയാണ്. എം.എൽ.എ.-മാർക്ക് പോലും രക്ഷയില്ല. 14 ദിവസമായി എം.എൽ.എ. ഹോസ്റ്റലിലെ ലാബ് പ്രവർത്തിക്കുന്നില്ല. ബ്ലഡ്

പരിശോധിക്കാനുള്ള സൗകര്യമില്ല. അതിന് മെഡിക്കൽ കോളേജിൽ പോയി വരേണ്ട സ്ഥിതിയാണ്. ഞാൻ എം.എൽ.എ.-മാരുടെ സ്ഥിതി ഇതാണെന്ന് പറയുന്നതിന് കാരണം കേരളത്തിലെ ജനങ്ങൾ ഇന്ന് ആകെ ആശങ്കയിലാണ്. പനി വന്നത് ആരുടെയും കുറ്റമാണെന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ പനി വരാതിരിക്കാനുള്ള മുൻകരുതലുകൾ ഗവൺമെന്റ് സ്വീകരിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സ്വീകരിച്ച നടപടികളൊക്കെ ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞു. ഗൗരവത്തോടെ മഴക്കാല പ്രതിരോധ സംവിധാനങ്ങളൊരുക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയോഗിച്ച മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്ന എല്ലാ ജീവനക്കാരെയും ഈ സർക്കാർ പിരിച്ചുവിട്ടു. അതിൽ ഒരു ജീവനക്കാരനാണ് ശമ്പളം ലഭിക്കാത്തതുകൊണ്ട് സെക്രട്ടേറിയറ്റിനുമുന്നിൽ ആത്മഹത്യ ചെയ്തത്. 03-05-2017-ൽ മന്ത്രി തന്നെ മറുപടി പറഞ്ഞു. പകരം ജീവനക്കാരെ നിയമിച്ചിട്ടില്ല. കാലവർഷം വൈകാനുള്ള സാധ്യത കണക്കിലെടുത്തും നിരന്തരമായ രോഗപര്യവേഷണ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും അടിയന്തര സാഹചര്യം ഉണ്ടാകില്ല എന്ന് ഉറപ്പുവരുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന്. യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ബഹുമാന്യയായ മന്ത്രി പറഞ്ഞു എം.എൽ.എ.-മാർക്ക് കത്തയയ്ക്കുണമെന്ന്. വേണ്ട.

പക്ഷേ ബഹുമാന്യയായ മന്ത്രി എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ യോഗം വിളിക്കുന്നത് സംബന്ധിച്ച് കഴിഞ്ഞകാലത്ത് ഗവൺമെന്റിന്റെ ഒരു ഉത്തരവുണ്ടായിരുന്നു. മുഖ്യമന്ത്രി കത്തയച്ചിരുന്നു. എല്ലാ ജില്ലകളിലും പ്രതിരോധ പ്രവർത്തനങ്ങൾ വ്യാപകമായിരുന്നു. മാത്രമല്ല, ഇതിനാവശ്യമായ സാങ്കേതിക വിദഗ്ദ്ധരായ ആളുകളെ നിയമിച്ചിരുന്നു. ഇക്കാര്യങ്ങളൊക്കെ ശ്രീ. വി. എസ്. ശിവകുമാർ ഇവിടെ പറഞ്ഞു. എന്തുകൊണ്ടാണ് ഗവൺമെന്റ് ഇക്കാര്യങ്ങളിൽ ശുഷ്കാന്തി കാട്ടിയില്ല എന്നതാണ് ഞങ്ങളുടെ പരാതി. എന്തുകൊണ്ടാണ് കോ-ഓർഡിനേഷൻ ഉണ്ടായില്ല. വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. മാലിന്യ സംസ്കരണം ഒരു വലിയ പ്രശ്നം തന്നെയാണ്. വികേന്ദ്രീകൃതമായ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഈ കാലഘട്ടത്തിൽ വ്യാപകമാക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലും പ്രധാനപ്പെട്ട കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളുമെല്ലാം മാലിന്യങ്ങൾകൊണ്ട് നിറയുകയാണ്. ഗ്രാമങ്ങളും നഗരങ്ങളും മാലിന്യങ്ങൾകൊണ്ട് നിറയുകയാണ്. ഇതിന്റെ ഫലമായി കൊതുക് വർദ്ധിക്കുന്നു. സാംക്രമിക രോഗങ്ങൾ വർദ്ധിക്കുന്നു. ഇക്കാര്യങ്ങളിൽ ഒരു ഗവൺമെന്റ് എന്നുള്ള നിലയിൽ അടിയന്തരമായ നടപടികൾ സ്വീകരിച്ചില്ല എന്നുള്ളതാണ് ഞങ്ങളുടെ പരാതി. ആശുപത്രികളിൽ മരുന്ന് മാത്രം

എത്തിച്ചതുകൊണ്ട് കാര്യമില്ല. ആശുപത്രികളിൽ വരുന്ന ആളുകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. കണക്കുകളെല്ലാം ഇവിടെ സൂചിപ്പിച്ചതുകൊണ്ട് ഒന്നും ഞാൻ പറയുന്നില്ല. മലയോര പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും സാംക്രമിക രോഗങ്ങൾ പടരുന്നു. ശുദ്ധജലം ലഭ്യമല്ലാത്ത പ്രശ്നങ്ങൾ, ഇത്തരം സാംക്രമിക രോഗങ്ങൾ പടരുന്നുവെന്ന് മുൻകൂട്ടി കണ്ടുകൊണ്ട് അതിനാവശ്യമായ പ്രതിരോധ നടപടികൾ സ്വീകരിച്ചില്ല എന്നുള്ളതാണ്. എല്ലാവർഷവും മെയ്, ജൂൺ, ജൂലൈ മാസങ്ങളിൽ fogging നടത്തുമായിരുന്നു. ഇത്തവണ ഒരിടത്തും fogging നടന്നില്ല. കുടുംബശ്രീ ഉൾപ്പെടെയുള്ള പ്രവർത്തകരെ അണിനിരത്തിക്കൊണ്ട് വീടുവീടാന്തരം കയറിയുള്ള പ്രചരണങ്ങൾ ഉണ്ടാകുമായിരുന്നു. ഇത്തവണ അതുണ്ടായില്ല. ആശാ വർക്കർമാരെ നിയോഗിക്കുമായിരുന്നു. ഇക്കാര്യങ്ങളിൽ എന്തുകൊണ്ടാണ് ഗവൺമെന്റ് അനാസ്ഥ കാട്ടിയത്; പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി നടത്തുന്ന കാര്യത്തിൽ സർക്കാർ പരാജയപ്പെട്ടു. സർക്കാർ മുൻകൈയ്യെടുത്തില്ല. അതുകൊണ്ടാണ് ഇന്ന് വ്യാപകമായ തോതിൽ ഇത്തരം സാംക്രമിക രോഗങ്ങൾ പടർന്നുകൊണ്ടിരിക്കുന്നത്. ചിക്കൻഗുനിയ വ്യാപകമാകുന്നു. സംസ്ഥാനത്ത് 14839 പേർക്കാണ് ചിക്കൻപോക്സ് പിടിപെട്ടത്. അങ്ങനെ വ്യാപകമായ തോതിൽ രോഗങ്ങൾ പടർന്നുപിടിക്കുകയാണ്. നമുക്കറിയാം

ബഹുമാന്യനായ മുൻ മന്ത്രി ഇ.പി. ജയരാജന്റെ മണ്ഡലമായ മട്ടന്നൂരിൽ വ്യാപകമായി സാംക്രമിക രോഗങ്ങൾ പിടിപെട്ട് ആളുകൾ ആശുപത്രികളിലായിരുന്നു. മട്ടന്നൂരിലെ ആളുകൾ എന്നെ വന്നുകണ്ടതാണ്. അദ്ദേഹം ഇവിടെ ഇല്ലായിരുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ വ്യാപകമായ തോതിൽ പനിയുണ്ടാകുമ്പോഴും സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്ന സന്ദർഭത്തിലും അടിയന്തരമായ ഗവൺമെന്റ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരം സംഭവങ്ങൾ കൂടുതലായി വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ ശുചിത്വത്തിന്റെ കാര്യത്തിൽ ദേശീയ റാങ്കിംഗിൽ കേരളം ഏറ്റവും പുറകിലാണ് എന്ന് ഇന്ന് 'ടൈംസ് ഓഫ് ഇന്ത്യ' റിപ്പോർട്ട് ചെയ്തു. ശുചിത്വമില്ലാത്തതുകൊണ്ടാണ് ഈ പ്രശ്നങ്ങൾ കൂടുതൽ വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. സ്വാഭാവികമായി നമ്മുടെ നാട്ടിൽ നടക്കേണ്ട ശുചീകരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. മഴക്കാലത്തിന് മുമ്പ് നടക്കേണ്ട കാര്യങ്ങൾ നടക്കുന്നില്ല. ഇതിനുവേണ്ടിയുള്ള ആരോഗ്യവകുപ്പിന്റെ പ്രവർത്തനങ്ങളൊന്നും കാര്യക്ഷമമായി നടക്കാത്തതുകൊണ്ടാണ് ഇത്രയും വലിയ തോതിലുള്ള സാംക്രമികരോഗങ്ങൾ കേരളത്തിൽ പടർന്നുപിടിക്കുന്നത്. പനി ഒരു വലിയ പ്രശ്നം തന്നെയാണ്. അടുത്ത വർഷം സ്പാനിഷ് ഫ്ലൂ-വിന്റെ 100-ാം

വർഷമാണ്. രണ്ടാം ലോക മഹായുദ്ധ സമയത്ത് നാലുവർഷം കൊണ്ട് 2 കോടി 10 ലക്ഷം പേർ മരിച്ചു. 1918-ൽ യൂറോപ്പിലും അമേരിക്കയും 50 മില്യൺ ആളുകൾ മരിച്ചു. സ്പാനിഷ് ഫ്ലൂ-വിന്റെ നൂറാം വർഷമാണ് അടുത്ത വർഷമെന്നുള്ളതുകൊണ്ട് തന്നെ നമ്മൾ ഇക്കാര്യത്തിൽ ഗൗരവമായ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. മഴക്കാല പ്രതിരോധ പ്രവർത്തനങ്ങൾ പരാജയപ്പെട്ട സാഹചര്യത്തിൽ ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ഇക്കാര്യങ്ങളിൽ ഗൗരവമല്ലാത്തതുകൊണ്ടാണ് ഞങ്ങൾ ഈ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടത്. ഗവൺമെന്റ് ആരോഗ്യരംഗത്ത് പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, നമ്മൾ പനിയെക്കുറിച്ച് പറയുമ്പോൾ, കുറുന്തോട്ടിക്ക് വാതം വരുകയെന്ന് പറയുന്നൊരു പ്രയോഗമുണ്ട്, ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നൊരു വാർത്തയാണ്, 'Dengue plays on doctors, throwing patients care out of gear in General Hospital in Kerala.' തിരുവനന്തപുരത്തെ

ജനറൽ ഹോസ്പിറ്റലിലെ 10 ഡോക്ടർമാർക്ക് ഡെങ്കിപ്പനി വന്നിട്ട് രോഗികളെ നോക്കാൻ സാധിക്കാതെ അവർ പനിക്കിടക്കയിലേയ്ക്ക് പോയിരിക്കുകയാണ്. 'Four doctors in the Medical Wing and 7 House Surgeons have been diagnosed with the disease which has also affected a pharmacist' , ഒരു ഫാർമസിസ്റ്റിനും 4 ഡോക്ടർമാർക്കും. ജനറൽ ഹോസ്പിറ്റലിൽ അവർക്ക് ഭയമാണെന്നാണ് പറയുന്നത്. കാരണം അവിടത്തെ ജനബാഹുല്യം കാരണം, പനി കൂടുതലായി വരുന്നതുകാരണം ഞങ്ങൾക്ക് പനി പിടിക്കാനുള്ള സാധ്യതയുണ്ടെന്നാണ് അവർ പറയുന്നത്. മാത്രവുമല്ല, ആ ആശുപത്രിയുടെ കോമ്പൗണ്ടിൽ ഫോഗിംഗ് നടക്കാത്തതുകൊണ്ട് അവിടത്തെ മാലിന്യങ്ങൾമൂലം ഡെങ്കിയടക്കമുള്ള പ്രശ്നങ്ങളുണ്ടാകുന്നു എന്നുള്ളതാണ് വാർത്ത. അപ്പോൾ ഡോക്ടർമാർക്കുതന്നെ പനിയായിരിക്കുന്ന സാഹചര്യത്തിൽ സാധാരണക്കാരനെ സംബന്ധിച്ച് നമ്മൾ പ്രത്യേകിച്ച് പറയേണ്ടതില്ല. കണക്കുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ഇതൊരു ഭയപ്പാടുണ്ടാക്കാൻവേണ്ടി പറയുന്നതല്ല. ഒരിക്കലും ജനങ്ങളിൽ ഭയപ്പാടുണ്ടാകരുത്. അതേ സമയം ഒരു ജാഗ്രതയുണ്ടാകണം. ഇപ്പോൾ മെയ് മാസമായിട്ടേയുള്ളൂ. നമ്മൾ ഇതുവരെ 2015-ലെയും 2016-ലെയും കണക്കുകൾ പറഞ്ഞു. അതൊക്കെ 12 മാസത്തെ കണക്കാണ്. ഇത് 5 മാസത്തെ

കണക്കാണ്. 5 മാസത്തെ കണക്ക് ഉദ്യോഗസ്ഥർ മിനിസ്റ്റർക്ക് കൃത്യമായി കൊടുക്കണം. എച്ച്1 എൻ1 ബാധിച്ച് മരിച്ചവരുടെ എണ്ണം 24 എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷെ, 10.05.2017-ൽ ഇവിടത്തെ ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ വെബ്സൈറ്റിലിട്ടിരിക്കുന്ന കണക്കനുസരിച്ച് എച്ച്1 എൻ1 ബാധിച്ച് മരിച്ചവരുടെ എണ്ണം 31 ആണ്. അപ്പോൾ എച്ച്1 എൻ1 ഇപ്പോൾത്തന്നെ ഏകദേശം 423 പേർക്ക് വന്നു. ചിക്കൻ പോക്സ് ബാധിച്ചവരുടെ എണ്ണം 15660-ഉം മരിച്ചവരുടെ എണ്ണം 6-ഉം ആണ്. സാധാരണ മഴക്കാലത്താണ് പനിയൊക്കെ കൂടുക. ജൂൺ-ജൂലൈ മാസത്തിലാണ് ഏറ്റവുമധികം വൈറൽ ഇൻഫെക്ഷൻ കൂടി പനിയുണ്ടാകുക. അപ്പോൾ പ്രീ-മൺസൂണിൽ തന്നെ ഇതാണ് ഭയാനകമായ അവസ്ഥയെങ്കിൽ ജൂൺ-ജൂലൈ മാസത്തിൽ അപകടകരമായ ഒരവസ്ഥയിലേയ്ക്ക് കേരളം എത്തുമെന്നുള്ള ഒരു മുന്നറിയിപ്പ് മാത്രമാണ് ഞങ്ങൾ നൽകുന്നത്. സാധാരണ മിനിസ്റ്റേഴ്സ്, ഞങ്ങളൊക്കെ മന്ത്രിമാരായിരുന്ന സമയത്ത്, ഞങ്ങളുടെ ക്യാബിനറ്റ് ഓരോ മിനിസ്റ്റർക്കും ഓരോ ജില്ലയുടെ ചാർജ്ജ് കൊടുക്കുമായിരുന്നു. ആ മിനിസ്റ്റർ അവിടെയുള്ള എല്ലാ എം.എൽ.എ.-മാരെയും വിളിച്ചുകൂട്ടും. ഡി.എം.ഒ. അവിടെ ഒരു പവർ പോയിന്റ് പ്രസന്റേഷൻ നൽകും. അവിടെ എല്ലാ ഡിപ്പാർട്ടുമെന്റും ഉണ്ടാകും. എം.എൽ.എ.-മാർ വിളിച്ചാൽ എല്ലാ ഡിപ്പാർട്ടുമെന്റുകളും

കോ-ഓർഡിനേറ്റ് ചെയ്യില്ല. അത് മിനിസ്റ്ററോ ഏതെങ്കിലും ഉത്തരവാദിത്തപ്പെട്ടവരോ ഉണ്ടെങ്കിലേ നടക്കൂ. അല്ലെങ്കിലേ ഡിപ്പാർട്ടുമെന്റുകൾ തമ്മിലടിയാണ്. അത് എം.എൽ.എ. വിചാരിച്ചാൽ തീർക്കാൻ പറ്റുന്നതല്ല. ഒരു മന്ത്രിയുടെ നേതൃത്വത്തിൽ സാധാരണ പ്രീ-മൺസൂൺ പ്രിപ്പറേഷൻസ് നടത്താറുണ്ട്, ഡ്രൈ ഡേയെക്കുറിച്ച് പറയാറുണ്ട്. ഫിഷറീസ് വകുപ്പടക്കം തോണിയിൽ വെള്ളം കെട്ടിക്കിടക്കുന്നുണ്ടെങ്കിൽ അതെടുത്ത് മാറ്റണം, അതിൽ കൊതുക് പെറ്റുപെരുകുമെന്നും വീട്ടിൽ ഏതെങ്കിലും പാട്ടയിലും മറ്റും വെള്ളമുണ്ടെങ്കിൽ അതടക്കം ഒഴിവാക്കണമെന്നും അവിടയൊക്കെ കൊതുക് വരാനുള്ള സാധ്യതയുണ്ടെന്നും മുന്നറിയിപ്പ് കൊടുത്ത് ഇതിനെ നിയന്ത്രിച്ചില്ലെങ്കിൽ നമ്മൾ വിചാരിക്കാത്ത രീതിയിലുള്ള ഔട്ട്ബ്രേക്ക്സ് ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് പിടിക്കാൻ പറ്റില്ല. Prevention is better than cure എന്നുപറയുന്നത് പോലെ, മരുന്ന് കരുതിവയ്ക്കുകയല്ല അതിനെ പ്രതിരോധിക്കുകയെന്നുള്ളതാണ് നമുക്ക് ആദ്യം ചെയ്യാനുള്ളത്. ഡെങ്കിപ്പനി മാത്രമല്ല, എച്ച്1 എൻ1 ഏറ്റവും വലിയ അസ്ഥയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ചെറിയ തുമ്മലോ ചുമയോ വരുമ്പോൾ സ്വാബ് എടുത്ത് നോക്കുമ്പോൾ 26 ശതമാനം പേർക്കും എച്ച്1 എൻ1 ഉണ്ട്. അതിന്റെ അർത്ഥം, ഒരുവിധം ആളുകൾക്കൊക്കെ എച്ച്1 എൻ1

വന്നുകൊണ്ടിരിക്കുന്നുവെന്നാണ്. ചെറിയ രീതിയിലുള്ള തുമ്മലിലൂടെ പകരുന്നതാണത്. അതുകൊണ്ട് എച്ച്1 എൻ1 എങ്ങനെ നിയന്ത്രിക്കണം. കേരളത്തിൽ ഇത് വർദ്ധിച്ചുവരികയാണെന്നാണ് ഇതിനെക്കുറിച്ച് ഇവിടത്തെ നോഡൽ ഓഫീസർ തന്നെ പറഞ്ഞിട്ടുള്ളത്. ഇങ്ങനെ എല്ലാ സാഹചര്യവും നമുക്ക് പ്രതികൂലമായി നിൽക്കുന്ന ഈ സന്ദർഭത്തിൽ ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് പറയുന്നത്, ഇനിയെങ്കിലും പ്രീ-മൺസൂൺ മീറ്റിംഗ് എം.എൽ.എ.-മാരെ വിളിച്ചുകൂട്ടി ഒരു മന്ത്രിയെ ചുമതലപ്പെടുത്തി..... ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് ഒരു മന്ത്രിക്ക് ചുമതല കൊടുത്ത് എല്ലാ ജില്ലയിലും ഉടനെതന്നെ ഒരു മീറ്റിംഗ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വിളിച്ച് കോ-ഓർഡിനേഷൻ ചെയ്ത്, സാധാരണ കൊടുക്കുന്ന 25,000/- രൂപയ്ക്ക് പുറമെ തദ്ദേശസ്വയംഭരണ വകുപ്പിന് 5,000/- രൂപ കൊടുക്കാം. ശുചിത്വ മിഷൻ 10,000/-രൂപ കൊടുക്കാറുണ്ട്. അത് വൈകുകയാണെങ്കിൽ അതിനൊക്കെ.....

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ....(മൈക്ക് ഓഫ്)..... സർ, എല്ലാംകൂടി ചേർത്താണ് 25,000/- രൂപ കൊടുക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, അല്ല. എല്ലാം ചേർന്നതല്ല 25,000/- രൂപ.

അതാണ് ഞാൻ പറയുന്നത്. 25,000/- രൂപയ്ക്ക് പുറമെ 5,000/- രൂപയും 10,000/- രൂപയും വേറെയുണ്ട്. ഏകദേശം 40,000/- രൂപ ഒരു വാർഡിന് കിട്ടും. അത് കിട്ടിയാൽ മാത്രമേ അവർക്ക് ഈ പ്രവൃത്തികൾ ചെയ്യാൻ സാധിക്കുകയുള്ളൂ.

<u>ശ്രീ. രാജു എബ്രഹാം:</u> ....(മൈക്ക് ഓഫ്).... സർ, 40,000/- രൂപ ഇതിനുമുമ്പ് കൊടുത്തിട്ടുണ്ടോ?

<u>ഡോ. എം. കെ. മുനീർ:</u> സർ, ഇതിനുമുമ്പ് കൊടുത്തിട്ടുണ്ട്. കൊടുത്തതിന്റെ കണക്ക് വേണമെങ്കിൽ ഞാൻ കൊണ്ടുവന്നുതരാം. ഈ സാഹചര്യത്തിൽ വളരെ ഗൗരവമായ ഈ വിഷയം ചെയർ ചർച്ചയ്ക്കെടുക്കണമെന്നാണ് ഞാൻ പറയുന്നത്. ചർച്ചയ്ക്കെടുക്കാത്ത സാഹചര്യത്തിൽ ഞാനും എന്റെ കക്ഷിയും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇവിടെ 62 മരണമുണ്ടായതും 7 ലക്ഷത്തോളം പേർ പനി ബാധിതരായി ഇന്ന് കേരളത്തിലുള്ളതും ഈ കഴിഞ്ഞ 5 മാസത്തിനിടയ്ക്കാണെന്നത് ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഒരു വിഷയമാണ്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ പത്രങ്ങളെ ഉദ്ധരിച്ച് കണക്കുകൾ പറഞ്ഞത് ഒരു വർഷത്തെ കണക്കുകളാണ്. 5 മാസത്തിനിടയ്ക്ക് കേരളത്തിലുണ്ടായിരിക്കുന്നത്

ഏറ്റവും ഗുരുതരമായ വിഷയമാണ്. മഴ തുടങ്ങുന്നതിനുമുമ്പ് 62 മരണമെന്നതാണ് സാഹചര്യമെങ്കിൽ മഴ തുടങ്ങിയ ശേഷമുണ്ടാകാൻ പോകുന്ന പകർച്ച വ്യാധികൾ വളരെ വലുതായിരിക്കുമെന്ന വസ്തുത ഗവൺമെന്റ് വിസ്മരിക്കരുത്. എല്ലാ നിയോജകമണ്ഡലങ്ങളിലും കേന്ദ്രീകൃതമായി ഒരു യോഗം വിളിച്ചുചേർക്കേണ്ടത് അനിവാര്യം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ചോദിച്ചതിനോട് എനിക്ക് ശക്തമായ പ്രതിഷേധമുണ്ട്. എം.എൽ.എ.-മാർക്ക് എന്താണ് പണിയെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചു. അങ്ങനെ ബഹുമാനപ്പെട്ട മന്ത്രി ചോദിക്കരുതായിരുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): ....(മൈക്ക് ഓഫ്)..... സർ, പറയാത്തത് പറയരുത്. ഇവിടെ നിന്ന് കത്ത് കിട്ടാതെയും എം.എൽ.എ.-മാർക്ക് ഇടപെടാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. വേണമെങ്കിൽ പരിശോധിച്ചോളൂ. ഞാൻ അപ്പോൾതന്നെ പ്രതികരിച്ചതാണ്. ഏതെങ്കിലും എം.എൽ.എ.-മാർ ഇടപെടാതിരിക്കുമോ; എല്ലാ എം.എൽ.എ.-മാരും ഇടപെടും. അവരവരുടെ പ്രദേശങ്ങളിൽ യോഗം വിളിക്കാൻ ഏതെങ്കിലും എം.എൽ.എ. വിമുഖത കാണിക്കുമോ; കഴിഞ്ഞ സർക്കാരിന്റെ സമയത്തുള്ള എം.എൽ.എ.-മാർ

വിളിക്കാൻ ബാധ്യതയില്ലാത്തവരായിരുന്നോ; പക്ഷെ ഗവൺമെന്റ് നിർദ്ദേശം കൊടുത്തു. ഗവൺമെന്റ് ഓർഡർ കൊടുത്തു. ഹെൽത്ത് ഡിപ്പാർട്ടുമെന്റിന് കൊടുത്തു. ഞാൻ ഉൾപ്പടെ യോഗം വിളിച്ചതാണ്. എ.സി.എസ്. ഉൾപ്പടെയുള്ളവർ ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ആരോഗ്യ വകുപ്പ് സെക്രട്ടറിയോ ഡി.എം.ഒ.-യൊ അവരവരുടെ കേന്ദ്രങ്ങളിലിരുന്ന് ചർച്ച നടത്തിയാൽ വിഷയങ്ങൾ തീരുകയില്ല. എം.എൽ.എ.-മാർ അവരവരുടെ പ്രദേശങ്ങളിൽ യോഗം വിളിച്ചാൽ പഞ്ചായത്തുതല അംഗങ്ങൾ ഉൾപ്പടെ വരുമ്പോൾ വലിയ കോ-ഓർഡിനേഷൻ വരുന്നു. ആ ഒരു മൂവ്മെന്റ് ഗവൺമെന്റ് കൊണ്ടുവരണം. വൈകിയെങ്കിൽപോലും കൊണ്ടുവരാനുള്ള സാഹചര്യം ഗവൺമെന്റ് ഒരുക്കണമെന്നുള്ളതാണ് എനിക്ക് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഒരു മരണവും ഉണ്ടാകാൻ പാടില്ല. പനി വരുന്നത് ഗവൺമെന്റിന്റെ കുറ്റമാണെന്ന് ഒരിക്കലും ഞാൻ പറയുകയില്ല. പക്ഷെ, അതിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ കൃത്യമായ നിലയിൽ നടപ്പിലാക്കണം. ഈ വിഷയം എന്തായാലും ചർച്ച ചെയ്യേണ്ട ഒന്നായിരുന്നു. ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട്

പുറത്തുപോയി.)

<u>ശ്രീ. കെ. എം. മാണി:</u> സർ, പകർച്ചവ്യാധി വ്യാപിക്കുന്നു, സാംക്രമികരോഗ ബാധിതരുടെ എണ്ണം വർദ്ധിക്കുന്നു, മരണം കൂടുതലായി വന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു പുത്തൻ ഫിലോസഫി ഇവിടെ അവതരിപ്പിക്കുകയുണ്ടായി. പകർച്ചവ്യാധികൾ തടയാൻ പ്രയാസമാണ്, മരണം വരാതിരിക്കാൻ നോക്കുക അതാണ് ബെറ്റർ എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നിർഭാഗ്യകരമായിപ്പോയി.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):</u> .....(മൈക്ക് ഓഫ്).... സർ, പകർച്ചവ്യാധി വരാതെ നോക്കണമെന്നാണ് പറഞ്ഞത്.

<u>ശ്രീ. കെ. എം. മാണി:</u> സർ, പകർച്ചവ്യാധി വരാതെ നോക്കണം. ഇവിടെ പറഞ്ഞതുപോലെ prevention is better than cure. അതുകൊണ്ട് പകർച്ചവ്യാധി വരാതിരിക്കാനുള്ള നടപടികൾ നടത്തണം. കോൺഫറൻസുകൾ നടത്തുന്നത് നല്ല കാര്യമാണ്. മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും ഒരുപാട് കോൺഫറൻസുകൾ നടത്തണം. പക്ഷെ ഇഫക്ടീവായ പ്രതിരോധ നടപടികൾ ഉണ്ടായില്ല. ഏറ്റവും കൂടുതൽ കോൺഫറൻസ് നടന്ന തിരുവനന്തപുരം ജില്ലയിലാണ് ഏറ്റവും കൂടുതൽ

പകർച്ചവ്യാധി വന്നത്. അതുകൊണ്ട് കോൺഫറൻസുകൾ നടത്തിയതുകൊണ്ട് മാത്രമായില്ല, ഇഫക്ടീവായ നടപടികൾ സ്വീകരിച്ചുകാണുന്നില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: ബഹുമാനപ്പെട്ട സ്പീക്കർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചുകൂട്ടിയ കാര്യവും മരുന്നുകൾ സ്റ്റോക്ക് ചെയ്ത കാര്യവുമൊക്കെ പറയുകയുണ്ടായി. അതൊക്കെ വളരെ നല്ലതുതന്നെയാണ്. പക്ഷെ പ്രശ്നം അതല്ല. കേരളത്തിലെ എല്ലാവർക്കുമായി അടിസ്ഥാനമായി പറയുകയാണ്, ഇവിടെ മാലിന്യ സംസ്കരണ കാര്യത്തിൽ അമ്പേ പരാജയപ്പെട്ടിരിക്കുന്നു. ഏത് റോഡിലൂടെ പോയാലും മാലിന്യങ്ങൾ കുടിക്കിടക്കുന്നു. അത് അഴുകി രോഗങ്ങൾക്ക് കാരണമായിത്തീരുന്നു. ഇതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഈ പദ്ധതി ഗൗരവമായി കാണുന്നില്ല. ഈ കാര്യത്തെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അമൃത് പദ്ധതിയുണ്ട്. ഇതിനുവേണ്ടി സഹായം കൊടുക്കാൻ തയ്യാറാണ്. 50 ശതമാനം ചെലവ് കേന്ദ്ര ഗവൺമെന്റ് വഹിക്കാൻ തയ്യാറാണ്. അതിനുവേണ്ടി 219 കോടി രൂപ അയച്ചു. ആ പണത്തിൽ വെറും 3 കോടി രൂപ മാത്രമാണ്

ചെലവഴിച്ചിട്ടുള്ളത്. മാലിന്യ സംസ്കരണ കാര്യത്തിൽ കാണിക്കേണ്ട ശുഷ്കാന്തി വേണ്ട രീതിയിൽ കാണിക്കുന്നില്ല. കേന്ദ്ര സർക്കാർ അയച്ചുകൊടുത്ത പണത്തിൽ ഉപയോഗിച്ച 3 കോടിയിൽ 2.9 കോടി രൂപയും ചെലവഴിച്ചത് അഡ്മിനിസ്ട്രേറ്റീവ് കാര്യങ്ങൾക്കുവേണ്ടിയാണ്. ഈ കാര്യത്തിൽ കാണിക്കുന്ന ഉപേക്ഷയുടെ സ്വാഭാവികമായ പരിണതഫലമാണ് ഇത്തരം രോഗങ്ങൾ പടർന്നുപിടിക്കുന്നത്. ഇപ്പോൾ മഴക്കാലം തുടങ്ങാൻ പോകുന്നതേയുള്ളൂ. ഇപ്പോൾ തന്നെ ഇതാണ് സ്ഥിതിയെങ്കിൽ കാര്യങ്ങൾ വളരെ ഗുരുതരമായിരിക്കും. ഇതിനെ വെറുതെ രാഷ്ട്രീയമായും മുൻ ഗവൺമെന്റിനെ കുറ്റം പറഞ്ഞതുകൊണ്ടും കാര്യമില്ല. പ്രായോഗികമായ നടപടികളാണ് വേണ്ടത്. ശുഷ്കാന്തി കാണിക്കുകയാണ് വേണ്ടത്. അത് കാണുന്നില്ല. അതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരികെ പ്രവേശിച്ചു.)

(ശ്രദ്ധക്ഷണിക്കൽ)